(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. കെ.കെ ഡി/പി-10/74/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാഓഡിറ്റ്കാര്യാലയം,കോഴിക്കോട്

ഫോൺ: 04952371012
Email:- dokkd.ksa.kerala.gov.in

തീയതി:06.03.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

ഉണ്ണികുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഉണ്ണികുളം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. കെ.കെ ഡി/പി 10/74/19 തിയ്യതി:-06.03.2019

# കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ. സതീഷ് മാവേലി പുത്തൻ വീട്, ഡപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.01.2019 മുതൽ 18.1.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര്, തസ്തിക | ശ്രീ.ബാലസുബ്രഹ്മണ്യൻ.എ.കെ | ഓഡിറ്റ്ഓഫീസർ |
| | ശ്രീ.ശ്യാംജിത്ത്.എം | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സതീഷ് കുമാർ.സി.പി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ജിഷ.പി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ബിനോയ്.ഇ.ടി | 01.04.17-1.03.18 |
| സെക്രട്ടറി | ശ്രീ.ബാലൻ. കെ.പി | 1.4.17 –18.10.17<br>1.12.17 – 7.1.18 |
| | ശ്രീ.ജിഷിത്ത് , ജെ.എസ്(ചാർജ്ജ്) | 19.10.17–.11.17 |
| | ശ്രീമതി.ആയിഷ റാഫത്ത് കോയ<br>അസി.സെക്രട്ടറി (ചാർജ്ജ്) | 4.11.17 -30.11.17 |
| | ശ്രീ.സുരേഷ് കുമാർ.എസ് ജെ.എസ്(ചാർജ്ജ്) | 8.1.18 – 31.3.18 |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |

| | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.എം.ധർമരാജ്(ജെഎസ്) ചാർജ്ജ്<br>ശ്രീ.ജിഷിത്ത് , ജെ.എസ്(ചാർജ്ജ്)<br>ശ്രീമതി.ആയിഷ റാഫത്ത് കോയ<br>ശ്രീ.സുരേഷ് കുമാർ.എസ് ജെ.എസ്(ചാർജ്ജ്)<br>ശ്രീമതി.അനിത.ആർ | 1.4.17- 31.5.17<br>21.6.17-1.11.17<br>2.11.17 – 3.1.18<br>4.1.18- 26.2.18<br>27.2.18-31.3.18 |
| അസി.എഞ്ചിനീയർ | ശ്രീ.രജീഷ് കുമാർ.സി<br>ശ്രീമതി. സൗമ്യ.എം.പി | 1.4.17– 15.6.17<br>16.6.17-31.3.18 |
| വി.ഇ.ഒ | ശ്രീ.അഭിലാഷ്<br>ശ്രീമതി.സൗമ്യ<br>ശ്രീമതി. സുധ | 26.12.17-1.3.18<br>6.7.17- 31.3.18<br>1.4.17- 30.8.17 |
| വി.ഇ.ഒ | ശ്രീമതി. സിന്ധു. കെ | 01.04.17-31.03.18 |
| ഹെഡ് മാസ്റ്റർ | ശ്രീ.മോഹനൻ.എൻ | 01.04.17-31.03.18 |
| വെറ്ററിനറി സർജൻ | ഡോ.സി കെ ഷാജിബ് | 01.04.17-31.03.18 |
| മെഡിക്കൽ ഓഫിസർ | ഡോ.സുനിൽലാൽ കാഞ്ഞിരത്തിങ്കൽ | 01.04.17-31.03.18 |
| ഐ.സി.ഡി.എസ് സൂപർവൈസർ | ശ്രീമതി.ലക്ഷ്മി.ടി.കെ | 1.04.17- 31.03.18 |
| | ശ്രീമതി.ഗീത.ടി.എം | 1.04.17- 31.03.18 |
| കൃഷി ഓഫീസർ | ശ്രീ. മുഹമ്മദ് ഇഖ്ബാൽ.കെ | 01.04.17-31.03.18 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ജിഷ.<br>ശ്രീമതി.റാസിദ റഹ്മാൻ | 01.04.17- 30.6.17<br>28.8.17- 31.3.18 |
| മെഡിക്കൽ ഓഫിസർ (ഹോമിയോ) | ഡോ.സാഹിദ മജീദ്.സി.എം<br>ഡോ.ഗ്രീഷ്മ.ജി.ജി | 01.04.17–1.7.17<br>01.07.17–31.3.18 |
| മെഡിക്കൽ ഓഫിസർ (ആയുർവേദം) | ഡോ.അഫ്ലിദ. പി.എ<br>ഡോ.സിമി.പി | 01.04.17–31.06.17<br>01.07.17–31.3.18 |

## ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1<br>പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | കാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| ഭാഗം 2<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 2-1 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ |
| 14 | 2-2 | തൊഴിൽ നികുതി- അപാകതകൾ |
| 15 | 2-3 | രശീതി പിരിവ് – അപാകതകൾ |
| 16 | 2-4 | കെട്ടിടനിർമ്മാണ ചട്ട പ്രകാരമുള്ള ഫയർ എൻ.ഒ.സി. ഇല്ലാതെ കെട്ടിടനിർമ്മാണ അനുമതി നൽകി. |
| 17 | 2-5 | ഡിമാന്റ് ഡ്രാഫ്റ്റ് പണമാക്കാതെ ഫയലിൽ സൂക്ഷിക്കുന്നു. |

## ഭാഗം 3

## ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

| | | |
|---|---|---|
| 18 | 3-1 | മണ്ണ് വെട്ടിയൊഴിവാക്കിയ ഇടങ്ങളിലും ക്വാറി മക്ക് വിരിച്ചു |
| 19 | 3-2 | കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല. |
| 20 | 3-3 | പൊതുമരാമത്ത് മേഖലയിൽ സർക്കാർ ഉത്തരവ് മറി കടന്ന് പ്രൊജക്ട് തയ്യാറാക്കി നടപ്പാക്കുന്നു. |
| 21 | 3-4 | സ്പിൽ ഓവർ പ്രവൃത്തികൾ സ്പിൽ ഓവർ ആയ വർഷം പൂർത്തീകരിച്ചില്ല. |
| 22 | 3-5 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ കൂലിച്ചെലവ് അനുവദിച്ചു. |
| 23 | 3-6 | ഗുണഭോക്തൃവിഹിതം പ്രൊജക്ടിലുൾപ്പെടുത്തിയില്ല – പിരിച്ചെടുത്ത് പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കുന്നു. |
| 24 | 3-7 | ലാപ് ടോപ്പ് വിതരണം – അപാകതകൾ |
| 25 | 3-8 | ആവശ്യകത നിർണ്ണയിക്കാതെ ഫർണിച്ചറുകൾ വാങ്ങി. |
| 26 | 3-9 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചികിത്സയ്ക്ക് ധനസഹായം |
| 27 | 3-10 | പാലിയേറ്റീവ് പരിചരണം – പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 28 | 3-11 | അടിസ്ഥാനസൗകര്യം ഒരുക്കുന്നതിലെ അപര്യാപ്തത |
| 29 | 3-12 | ഹെഡ് മാസ്റ്റർ നടപ്പാക്കിയ പ്രൊജക്ടുകളിലെ അപാകതകൾ |
| 30 | 3-13 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പ്രൊജക്ടുകളിലെ അപാകതകൾ |
| 31 | 3-14 | കുടിവെള്ള വിതരണം – അപാകതകൾ |
| 32 | 3-15 | ടെണ്ടർ നടപടികൾ സ്വീകരിക്കാതെ നേരിട്ട് പ്രവൃത്തി ഏല്പിച്ചു – മുഴുവൻ തുകയും മുൻകൂർ നൽകി – നിയമാനുസൃത നികുതികൾ ഈടാക്കിയില്ല |
| 33 | 3-16 | ജനകീയ പങ്കാളിത്തത്തോടെ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ – അപാകതകൾ |
| 34 | 3-17 | തെരുവ് വിളക്കുകളുടെ സ്ഥാപനം – അപാകതകൾ |
| 35 | 3-18 | ശമ്പളപരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. |
| 36 | 3-19 | മുൻകൂറുകൾ വർഷങ്ങളായി ക്രമീകരിക്കുന്നില്ല. |

## ഭാഗം 4

| | | |
|---|---|---|
| | | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 37 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 38 | 4-2 | നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 39 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 40 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 41 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 42 | 4-6 | ഓഡിറ്റ് റിക്കവറി |
| 43 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 44 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 45 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 46 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 47 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 23.3.17ലെ 84/17 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27.3.18 ലെ 1(2) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.18 | 5.6.18 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.6.18 – 23.6.18 | KSA.KKD/E2/1111(66) Dt.7.7.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21812494.86 |
| വരവ് | 89482694 |
| ആകെ | 111295188.86 |
| ചെലവ് | 103891680 |
| നീക്കിയിരിപ്പ് | 7403508.86 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 25043000 | 25043000 | 20860611 | 4182389 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 10224752 | 10224752 | 6040608 | 4184144 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 12044000 | 12044000 | 7617358 | 4426642 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 5548000 | 5548000 | 5515688 | 32312 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 16664208 | 16664208 | 11089539 | 5574669 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 2337613 | 2337613 | 1841247 | 496366 |
| സാക്ഷരത | | 10862 | 0 | 10862 | 0 | 10862 |
| ദുരിതാശ്വാസനിധി | | 8251 | 647 | 8898 | 317 | 8581 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 39653336 | 39653336 | 39653336 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 93398 | 1236185 | 1329583 | 1327984 | 1599 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| എംപി ഫണ്ട് | | 66712 | 556028 | 622740 | 549680 | 73060 |
| എസ് എസ് എ | | 396232 | 16043 | 412275 | 0 | 412275 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1011104 | 3004350 | 4015454 | 1829350 | 2186104 |
| | ജില്ലാ പഞ്ചായത്ത് | 2000000 | 606250 | 2606250 | 606250 | 2000000 |
| | | | | | | (-)385000 |
| ബി ഫണ്ട് | | | 73611760 | 73611760 | 73611760 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 16326527 | | 12245403 | 4081124 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 6873030.46 | 13034582 | 19907612.46 | 16149586 | 3758026.46 |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി അക്കൗണ്ട് | 10549788 | 19126043 | 29675831 | 30592729 | (-) 916898 |
| മറ്റിനം | | | | | | |
| എസ്ബിടി ഇ പെയ്മെന്റ് | | 13264 | 10623 | 23887 | 649 | 23238 |
| പോസ്റ്റ് ഓഫീസ് സേവിങ്സ് അക്കൗണ്ട് | | 1298.38 | 0 | 1298.38 | 0 | 1298.38 |
| എസ് എം ജി ബി പെൻഷൻ | | 10379 | 421 | 10800 | 0 | 10800 |
| ഇ എം എസ് ലോൺ കെഡിസി ബാങ്ക് | | 1000 | 0 | 1000 | 0 | 1000 |
| ട്രഷറി തനത് ഫണ്ട് വി പി എഫ് എ 1-2 | | 26111.02 | 0 | 26111.02 | 0 | 26111.02 |
| ട്രഷറി തനത് ഫണ്ട് വി പി എഫ് എ 1-3 | | 28217 | 0 | 28217 | 0 | 28217 |
| ഒഎപി എസ് എം ജി ബി | | 3436638 | 888270 | 4324908 | 167452 | 4157456 |

കുറിപ്പ് – ജോയിന്റ് വെഞ്ചർ അക്കൗണ്ട്, തനത് ഫണ്ട് ട്രഷറി അക്കൗണ്ട് എന്നിവയിൽ ഗവ. റിഡക്ഷൻ ഉൾപ്പെടെയുള്ള തുകയാണ് കാണിച്ചിട്ടുള്ളത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 300 | 157932589 | 140 | 67629350 | 35 | 125 | 46.67 |

157932589 രൂപ വകയിരുത്തി 300 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയതിൽ 175 പ്രൊജക്ടുകളാണ് നടപ്പാക്കാൻ ശ്രമിച്ചത്. ഗുണഭോക്തൃവിഹിതമടക്കം 67629350 രൂപ ചെലവഴിച്ചു. ഇതിൽ തന്നെ 35 പ്രൊജക്ടുകൾക്ക് തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചത്. ആകെ വകയിരുത്തിയ തുകയുടെ 42.82% തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ശേഷിക്കുന്ന തുക കൃത്യമായ ആസൂത്രണത്തിന്റെയും മോണിട്ടറിംഗിന്റെയും അഭാവത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമായ തുക, വിനിയോഗിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിട്ടും നഷ്ടപ്പെടാൻ കാരണമായത് കാര്യക്ഷമമവും സമയബന്ധിതവുമായ പദ്ധതി പ്രവർത്തനങ്ങളുടെ അഭാവത്തിലാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യം പരിശോധിക്കപ്പെടേണ്ടതും വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 93398 | 1236185 | 1329583 | 1327984 | 1599 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 39653336 | 39653336 | 39653336 | |

എം.എൻ.ആർ.ഇ.ജി.എസ് സ്കീം ഓഫീസിൽ സൂക്ഷിച്ച കണക്ക് പ്രകാരം ഭരണ ചെലവുകൾ മുന്നിരിപ്പ് 93399 വരവ് 1244185 ചെലവ് 1335984 നീക്കിയിരിപ്പ് 1600 എന്നിങ്ങനെയാണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 198360 | 343 |
| കർഷകതൊഴിലാളി പെൻഷൻ | 11362300 | 3864 |
| വിധവാപെൻഷൻ | 21990100 | 7259 |
| വാർദ്ധക്യകാലപെൻഷൻ | 32053000 | 8786 |
| വികലാംഗപെൻഷൻ | 6586400 | 2139 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1608300 | 534 |
| വിവാഹധനസഹായം | 210000 | 15 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.1.19 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 33261/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപനം വൗച്ചറുകളും രശീതും മിക്കവാറും രേഖകളും സാമ്പത്തിക വർഷത്തിന്റെ ആദ്യ മാസങ്ങളിൽ കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിച്ചിട്ടുണ്ടെങ്കിലും പിന്നീട് ലൂസ് ഷീറ്റുകളായി കെട്ടി വയ്ക്കുന്ന രീതിയാണുള്ളത്. സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

(1)ചെക്കുകൾ നല്കിക്കഴിഞ്ഞാൽ ആയത് പണമാക്കുന്നത് വരെ നിരീക്ഷിക്കുകയോ നിശ്ചിത കാലാവധിക്കു ശേഷം സ്റ്റേൽ ചെക്ക് വിഭാഗത്തിൽപ്പെടുത്തുകയോ ചെയ്യുന്നില്ല

(2)ചെക്ക് ആൻഡ് ഡ്രാഫ്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വരുന്ന ചെക്കുകൾ ഏത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നു എന്നോ എന്ന് പണമാക്കുന്നു എന്നോ രേഖപ്പെടുത്തുന്നില്ല
(3) സെക്യൂരിറ്റി തുകയായും മറ്റും ലഭിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ പണമാക്കാതെ അലക്ഷ്യമായി ഫയലിനോടൊപ്പം സൂക്ഷിക്കുന്നു

(4)പ്രോക്യൂർമെന്റ് ചട്ടങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ഒരു വർഷത്തെ ആവശ്യങ്ങൾ മുൻകൂട്ടി നിർണയിച്ച് പ്രോക്യൂർമെന്റ് പ്ലാൻ പ്രോക്യൂർമെന്റ് ബഡ്ജറ്റ് എന്നിവ ഉണ്ടാക്കിയിട്ടില്ല. വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ വ്യത്യസ്ത വാങ്ങൽ രീതികൾ അവലംബിക്കുന്ന രീതിയാണുള്ളത്. വാങ്ങലുകളൊന്നും തന്നെ പ്രോക്യൂർമെന്റ് കമ്മറ്റി വിലയിരുത്തുകയോ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്യുന്നില്ല. പ്രോക്യൂർമെന്റ് കമ്മറ്റി മിനുട്സിൽ തൻ വർഷം മൂന്നു തവണ യോഗം ചേർന്നതായി കാണിച്ചിട്ടുണ്ടെങ്കിലും വാങ്ങലുകൾ സംബന്ധിച്ച ചർച്ചകൾ നടന്നതായോ വാങ്ങലുകൾ നിരീക്ഷിച്ചതായോ രേഖപ്പെടുത്തിയിട്ടില്ല

(5)സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങുന്ന ഇനങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തി വീണ്ടും അതേയിനം വാങ്ങുമ്പോൾ കൂട്ടിച്ചേർത്ത് കൃത്യമായി എണ്ണം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഫർണിച്ചറുകൾ കമ്പ്യൂട്ടറുകൾ പോലുള്ള ആസ്തികൾ വാർഷിക കണക്കെടുപ്പ് നടത്താത്തിനാൽ നിലവിലുള്ള ആസ്തി വിവരം ലഭ്യമല്ല. മറ്റു സ്ഥാപനങ്ങളിലേക്ക് ആവശ്യകത നിർണ്ണയിക്കാതെ ഫർണിച്ചറുകൾ വാങ്ങുന്നു.

(6)നിഷ്ക്രിയമായതും പഴകി ഉപയോഗശൂന്യമായതുമായി ആസ്തികൾ കണ്ടുപിടിക്കുന്നതിനും ആയവ യഥാവിധി ഡിസ്പോസ് ചെയ്യുന്നതിനും നടപടികളെടുത്തിട്ടില്ല. ആസ്തികൾ നഷ്ടപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികളോ സ്റ്റാന്റിംഗ് കമ്മറ്റികളിൽ ആയത് ചർച്ച ചെയ്തതായോ രേഖകളില്ല. കുടിവെള്ള പദ്ധതികളുടെ മോട്ടോറുകൾ മാറ്റി സ്ഥാപിക്കുമ്പോൾ പഴയവ സ്ക്രാപ്പായി ലേലം ചെയ്യുന്നതിന് നടപടികളില്ല.

(7) മൂവബിൾ ഇമ്മൂവബിൾ ആസ്തികൾക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

(8) പൗരാവകാശ രേഖ പുതുക്കിയിട്ടില്ല

(9) കൃത്യമായ ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടില്ല. ജീവനക്കാരുടെ ചുമതലകളും അവരുടെ മേൽനോട്ട ചുമതലയും കൃത്യമായി രേഖപ്പെടുത്തിയ ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആയതിനു പകരം ഓരോ ജീവനക്കാരനും സ്ഥലം മാറിപോകുമ്പോൾ ചാർജ്ജ് നൽകാനുള്ള ഉത്തരവുകൾ മാത്രമാണുള്ളത്
(10) ജീവനക്കാരുടെ ഹാജർ പട്ടിക കൃത്യമായി അവധികൾ രേഖപ്പെടുത്തി നിരീക്ഷിക്കുന്നില്ല
(11) നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനം നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.

(12) മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ് മാസ്റ്റർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ സ്ഥാപനത്തിന്റെ കാഷ് ബുക്കിൽ തദ്ദേശ ഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട കണക്കുകൾ എഴുതി സൂക്ഷിക്കുന്നില്ല. സബ്സിഡിയറി രജിസ്റ്റർ മാത്രമാണ് സൂക്ഷിക്കുന്നത്. മെഡിക്കൽ ഓഫീസർ, പഞ്ചായത്തിൽ നിന്നും നൽകുന്ന ആവർത്തന ചെലവുകൾക്കുള്ള വരവു ചെലവു കണക്കുകൾ സബ്സിഡയറി

രജിസ്റ്ററിലും രേഖപ്പെടുത്തുന്നില്ല.

മേൽക്കാര്യങ്ങൾ പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിച്ച വിവരം അറിയിക്കേണ്ടതാണ്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.12.18 , 22.12.18 | നവംബർ 2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.8.16 | 2011-12 to 2015-16 | LBA(HQ)VI/8A-2499/12 Dt. 26.10.16 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. സംരക്ഷണ ഗ്രാന്റ് (റോഡ്) ഇനത്തിലെ വരവ് തുക എ.സി ആറിലും റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റിലും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം | ഫണ്ടിനം | എ.സി.ആർ പ്രകാരമുള്ള വരവ് | റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് |
|---|---|---|---|
| 1 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 76,17,358 | 71,18,760 |

2. MPLAD ഇനത്തിൽ പലിശ ഇനത്തിലുള്ള വരവുകൾ അതേ ഹെഡിൽ വരവ് വെയ്ക്കുന്നതിന് പകരം interest from bank accounts എന്ന ഹെഡ്ഡിലാണ് വരവ് വെച്ചിട്ടുള്ളത്.

3. വസ്തുനികുതിയിനത്തിലെ തൻവർഷ/കുടിശ്ശിക വരവുകൾ ഡിമാന്റ് രജ്സ്റ്ററിലും റസീറ്റ് & പെയ്മെന്റ്സ് സ്റ്റേറ്റ്മെന്റിലും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് | റസീറ്റ് & പെയ്മെന്റ് പ്രകാരമുള്ള വരവ് |
|---|---|---|---|
| 1 | Property tax on Residential Buildings (current) | 20,64,734 | 24,92,856 |
| 2 | Property tax on Residential | 10,55,771 | 12,94,796 |

| | | | |
|---|---|---|---|
| | Buildings (arrears) | | |
| 3 | Property tax on Non-Residential Buildings (current) | 29,72,872 | 25,44,750 |
| 4 | Property tax on Non-Residential Buildings (arrears) | 11,60,386 | 9,21,361 |

4. ആസ്തി രജിസ്റ്റർ പൂർണ്ണമല്ല.
5. തനതഫണ്ടിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ നിന്നും നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ20,394 രൂപയുടെ ചെക്കുകൾ 'liability in respect of stale cheque' എന്ന ശീർശകത്തിലേക്ക് മാറ്റിയിട്ടില്ല.
6. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
7. 31.03.18 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി - 17 പ്രകാരം ട്രഷറി വി പി എഫ് എ1-2, ട്രഷറി വി പി എഫ് എ 1-3, പോസ്റ്റ് ഓഫീസ് സേവിംഗ്സ് അക്കൗണ്ട്, കെ.ഡി.സി ബാങ്ക് - ഇ.എം.എസ് ലോൺ എന്നീ അക്കൗണ്ടുകളിൽ താഴെ പറയും പ്രകാരം നീക്കിയിരിപ്പുണ്ട്.

ട്രഷറി വി.പി.എഫ്.എ 1-2 – 26111.02

ട്രഷറി വി.പി.എഫ്.എ 1-3 – 28217

പോസ്റ്റ് ഓഫീസ് സേവിംഗ്സ് അക്കൗണ്ട് - 1298.38

കെ.ഡി.സി ബാങ്ക് - ഇ.എം.എസ് ലോൺ - 1000

മേൽ അക്കൗണ്ടുകളുടെ പാസ്സ്ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.
എം.എൻ.ആർ.ഇ.ജി.എസ് സ്കീം ഓഫീസിൽ സൂക്ഷിച്ച കണക്ക് പ്രകാരം ഭരണ ചെലവുകൾ മുന്നിരിപ്പ് 93399 വരവ് 1244185 ചെലവ് 1335984 നീക്കിയിരിപ്പ് 1600 എന്നിങ്ങനെയാണ്. എന്നാൽ വാർഷിക കണക്കിൽ ഇവ യഥാക്രമം 93398, 1236185, 1327984, 1599 എന്നാണ് രേഖപ്പെടുത്തിയത്.

ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുകയോ വരവ് സംബന്ധിച്ച വിവരങ്ങൾ വാർഷിക കണക്കിൽ രേഖപ്പെടുത്തുകയോ ചെയ്തില്ല. എന്നാൽ വൗച്ചറുകൾ പരിശോധിച്ചതിൽ 30000 രൂപ 2016-17 ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിക്കവറി നടത്തിയിട്ടുള്ളതായി കണ്ടു. (വൗച്ചർ 21700866/17.1.18)

ക്ലീൻ ഉണ്ണികുളം ഗ്രീൻ ഉണ്ണികുളം പ്രോജക്ടിനായി ഡ്രീംസ്റ്റോൺ എന്റർപ്രൈസസ് സെക്യൂരിറ്റി തുകയായി നൽകിയ 24600 രൂപയുടെ ഡിഡി (226854/28.3.18 ) പണമാക്കാതെ ഫയലിൽ സൂക്ഷിക്കുന്നതായി കണ്ടു. ഏത് വരവിനും രശീത് നൽകേണ്ടതും ആയത് ഡെപ്പോസിറ്റ് ഹെഡിൽ പഞ്ചായത്തിൽ വരവു

വയ്ക്കേണ്ടതുമായിരുന്നു. പണമാക്കാത്തതിനാൽ മേൽ വരവ് ധനകാര്യ പത്രികയിൽ വരവായി ഉൾപ്പെടുകയുമുണ്ടായില്ല.

'ഒന്നാം ക്ലാസ് ഒന്നാന്തരമാക്കൽ' എന്ന പ്രോജക്ടിനായി 10 ലക്ഷം രൂപയും കരുമല അങ്ങാടിയിൽ ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 200000 രൂപയും സിൽക്കിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ആയത് ഡെപ്പോസിറ്റ് /അഡ്വാൻസ് എന്ന രീതിയിലല്ല പഞ്ചായത്ത് ചെലവിലുൾപ്പെടുത്തിയിട്ടുള്ളത്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2017-18 ലെ പുതിയ കെട്ടിടങ്ങളുടെ വസ്തു നികുതി രജിസ്റ്റർ , വാണിജ്യ കെട്ടിടങ്ങളുടെ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഹോസ്റ്റൽ കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിരക്കുകൾ പ്രകാരം സ്വകാര്യ ഹോസ്റ്റലുകൾക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് ചതുരശ്രമീറ്ററിന് 40 രൂപയാണ്. എന്നാൽ സുന്നി യുവജനസംഘം മങ്ങാട് യൂണിറ്റ് പ്രസിഡന്റ് , സെക്രട്ടറി എന്നിവരുടെ ഉടമസ്ഥതയിലുള്ള 16/280C എന്ന കെട്ടിടത്തിന്റെ ഉപയോഗക്രമം ഹോസ്റ്റൽ എന്നാണെങ്കിലും പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി നിരക്കായ 4 രൂപ പ്രകാരമാണ് വസ്തുനികുതി കണക്കാക്കി ഈടാക്കിയിട്ടുള്ളത്.

2. കെട്ടിടത്തിലേക്കുള്ള വഴിയുടെ വീതി കുറച്ച് കാണിക്കുന്നു

കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിലേക്ക് 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി ഉണ്ടായിരിക്കെ നികുതി കണക്കാക്കുമ്പോൾ ഇത് 1.5 മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴി എന്ന് സഞ്ചയയിൽ തെറ്റായ വിവരം നൽകുന്നു. ഇതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട 20% വർദ്ധനവ് വസ്തുനികുതിയിൽ ഉൾപ്പെടാതെ വരുന്നു.

മേൽ പരാമർശിച്ച രണ്ട് അപാകതകളിലൂടെയും ഉണ്ടായ നികുതി നഷ്ടത്തിന്റെ വിശദ വിവരങ്ങൾ ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിട ഉടമ | അപാകത | കുറവ് വന്ന നികുതി |
|---|---|---|---|---|
| 1 | 16/280 A | പ്രസിഡന്റ്, സുന്നി യുവജന സംഘം, മങ്ങാട് | വഴി 5മീറ്ററിൽ കൂടുതൽ ഉള്ളതിന് 20% വർദ്ധന ഈടാക്കിയില്ല. | 181 |
| 2 | 16/280 B | | | 181 |
| 3 | 16/280 C | | 1) ഹോസ്റ്ററൽ നിരക്കിൽ ഈടാക്കിയില്ല.<br>2)വഴി 5മീറ്ററിൽ കൂടുതൽ ഉള്ളതിന് 20% വർദ്ധന ഈടാക്കിയില്ല. | 27309 |
| 4 | 14/232 C | ഷീബ,അഷ്വിൻ,അക്ഷയ് | വഴി 5മീറ്ററിൽ കൂടുതൽ ഉള്ളതിന് | 166 |

| | | | | |
|---|---|---|---|---|
| 5 | 14/232 D | | 20% വർദ്ധന ഈടാക്കിയില്ല. | 166 |
| 6 | 14/232 E | | | 483 |
| 7 | 14/232 F | | | 628 |
| 8 | 16/338 A | മുഹമ്മദ് അബ്ദുൾ മജീദ്.എൻ.ആർ | വഴി 5മീറ്ററിൽ കൂടുതൽ ഉള്ളതിന് 20% വർദ്ധന ഈടാക്കിയില്ല. | 796 |
| 9 | 16/338 B | | | 563 |
| 10 | 16/338 C | | | 563 |
| 11 | 16/338 D | | | 563 |
| 12 | 16/338 E | | | 328 |
| | | | ആകെ | 31927 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും ചോർച്ച കൂടാതെ പിരിച്ചെടുക്കുന്നു എന്നുറപ്പു വരുത്തേണ്ട ഉത്തരവാദിത്തം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്കും ഉദ്യോഗസ്ഥർക്കുമുണ്ട്. മേൽ നികുതികൾ പിരിച്ചെടുക്കുന്നതിനും വസ്തു നികുതി നിർണ്ണയങ്ങൾ പൂർണ്ണമായും പരിശോധിച്ച് ഇത്തരത്തിലുള്ള അപാകതകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് തീർപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി - അപാകതകൾ

2017-18 ൽ പഞ്ചായത്തിന്റെ തൊഴിൽ നികുതി വരവ് സംബന്ധിച്ച രേഖകൾ (ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ) പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

2017-18 സാമ്പത്തിക വർഷ ഡിമാന്റ് രജിസ്റ്ററിൽ കച്ചവടക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ അപൂർണ്ണമായാണ് രേഖപ്പെടുത്തിയത്. കച്ചവടക്കാരന്റെ പേരും ഈടാക്കിയ തുകയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ക്രമ നമ്പർ, ജോലി , സ്ഥാപനം , അർദ്ധവാർഷിക വരുമാനം എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല. മാത്രമല്ല ട്രേഡേഴ്സ് ലിസ്റ്റും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

2) തൊഴിൽ നികുതി- പൂർണ്ണമായും ഈടാക്കിയില്ല.

1)മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കച്ചവടസ്ഥാപനങ്ങളിലെ ഉടമസ്ഥർക്ക് പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ വേതനം രേഖപ്പെടുത്തിയുള്ള തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയതായി കാണുന്നില്ല.

ഉദാ:- ജിയോ എന്റർപ്രൈസസ് ക്വാറി

2. അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

ഉദാ : ഇശായത്ത് പബ്ലിക് സ്കൂൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും ചോർച്ച കൂടാതെ പിരിച്ചെടുക്കുന്നു എന്നുറപ്പു വരുത്തേണ്ട ഉത്തരവാദിത്തം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്കും ഉദ്യോഗസ്ഥർക്കുമുണ്ട്. നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിന് ബജറ്റ് ചർച്ചകളിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

നികുതി നിർണ്ണയത്തിൽ നിന്നും സ്ഥാപനങ്ങൾ വിട്ടുപോകുന്നില്ല എന്നുറപ്പു വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 2-3 രസീതി പിരിവ് - അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ രസീതി പിരിവ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വരവ് രേഖപ്പെടുത്തുന്നതിലെ അപാകതകൾ

കലക്ഷൻ രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല.
ഉദാ :

| രസീതി ബുക്ക് നമ്പർ | അപാകത |
|---|---|
| 19445 | കക്ഷിയുടെ പേര് എന്ന കോളം പൂരിപ്പിച്ചിട്ടില്ല |
| 19436 | |

2) ക്യാൻസൽ ചെയ്ത രസീതികളിലെ അപാകത

ക്യാൻസൽ ചെയ്ത രസീതികളിൽ കാരണം രേഖപ്പെടുത്തുകയോ സെക്രട്ടറി മേലൊപ്പ് വയ്ക്കുകയോ ചെയ്തിട്ടില്ല.

ഉദാ :-

| രസീതി ബുക്ക് നമ്പർ | രസീതി നമ്പർ |
|---|---|
| 10296 | 13, 66 |
| 19444 | 57, 94 |

ഇത്തരം കാര്യങ്ങളിൽ അപാകതകൾ വരുത്തുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും കൃത്യവിലോപമാണ് കാണിക്കുന്നത്. രശീത് കലക്ഷൻ, അടവ് എന്നിവ നിശ്ചിത ശതമാനം ജൂനിയർ സൂപ്രണ്ട്/ ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ മേൽ പരിശോധന നടത്തിയതായി കാണുന്നില്ല. കൃത്യമായ ചുമതലാ വിഭജനം നടത്തിയ ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു. പൊതു ഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആഭ്യന്തര നിയന്ത്രണം ഉറപ്പു വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **2-4** കെട്ടിടനിർമ്മാണ ചട്ടപ്രകാരമുള്ള ഫയർ എൻ.ഒ.സി ഇല്ലാതെ കെട്ടിടനിർമ്മാണ അനുമതി നല്കി

തൻവർഷം നല്കിയ കെട്ടിട നിർമ്മാണ അനുമതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടനിർമ്മാണത്തിന് ചട്ടങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് അനുമതി നൽകി കാണുന്നത്.

| | |
|---|---|
| കെട്ടിടനിർമ്മാണ അനുമതി നമ്പർ | എ2 – 457 / 2017-18 തിയ്യതി 7.2.18 |
| അപേക്ഷകൻ | ശ്രീ.അബ്ദുൾ നാസർ, ആനപ്പാറക്കൽ,ഉണ്ണികുളം |
| കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണം | 1480.62 എം2 |
| പ്ലോട്ട് വിസ്തീർണം | 46.21 സെന്റ് |
| പ്ലിന്ത് വിസ്തീർണത്തിന്റെ വിശദാംശങ്ങൾ | GF (Existing) : 448.54 m2<br>FF (Existing) : 516.04 m2<br>SF ( Proposed) : 516.04 m2<br>ആകെ : 1480.62 എം2 |
| കെട്ടിടത്തിന്റെ വിനിയോഗ ഗണം | വാണിജ്യം |
| പെർമിറ്റ് സാധുത കാലയളവ് | 7.2.18 മുതൽ 6.2.21 വരെ |
| പെർമിറ്റ് ഒപ്പിട്ടത് | സെക്രട്ടറി , ഉണ്ണികുളം ഗ്രാ.പ |

1. 2011 -ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ , ചട്ടം 58(12) പ്രകാരമുള്ള ഫയർ എൻ.ഒ.സി ലഭ്യമാക്കാതെയാണ് കെട്ടിടഭാഗം നിർമ്മിക്കുന്നതിന് അനുമതി നല്കിയത്. തറനിരപ്പിൽ നിന്നും രണ്ട് നില കവിയുന്ന മേൽ പറഞ്ഞ തരം കെട്ടിടനിർമ്മാണത്തിന് നിർദ്ദിഷ്ട അനുമതി ആവശ്യമാണ്.

2. അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാൻ പ്രകാരം പ്ലോട്ടിൽ മറ്റൊരു കെട്ടിടം കൂടിയുള്ളതായി കാണുന്നു. ഈ നിർമ്മാണത്തിന്റെ പ്ലോട്ട് വിസ്തീർണം 835.17 എം$^2$ എന്നാണ് രേഖപ്പെടുത്തിക്കാണുന്നത്. ഇത് കൂടി ഉൾപ്പെടുത്തിയാണ് നിലവിൽ അനുമതി കൊടുത്ത നിർമ്മാണത്തിന്റെ എഫ്.എ.ആർ 1.23 എന്ന് നിർണയിച്ചിരിക്കുന്നത്. 43.09% എന്ന് കവറേജ് നിർണയിക്കുന്നതിലും ഈ നിർമ്മാണത്തിന്റേതായി 289.87 എം$^2$ വിസ്തീർണം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് നിലവിലെ കെട്ടിടമാണോ അതോ പണിതുകൊണ്ടിരിക്കുന്ന കെട്ടിടമാണോ എന്നുള്ള വിവരം ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്

## 2-5 ഡിമാന്റ് ഡ്രാഫ്റ്റ് പണമാക്കാതെ ഫയലിൽ സൂക്ഷിക്കുന്നു

പ്രോജക്ട് – ക്ലീൻ ഉണ്ണികളും ഗ്രീൻ ഉണ്ണികളും 4/18

നിർവ്വഹണം സെക്രട്ടറി

മേൽ പ്രോജക്ടിനായി ഡ്രീംസ്റ്റോൺ എന്റർപ്രൈസസ് സെക്യൂരിറ്റി തുകയായി നൽകിയ 24600 രൂപയുടെ ഡിഡി (226854/28.3.18 ) പണമാക്കാതെ ഫയലിൽ സൂക്ഷിക്കുന്നതായി കണ്ടു. 27.08.2010 ലെ 80/2010/ധന. നമ്പർ സർക്കുലർ പ്രകാരം ഡിമാന്റ് ഡ്രാഫ്റ്റായി സ്വീകരിക്കുന്ന ഇ.എം.ഡി.,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഫയലിൽ സൂക്ഷിച്ച് കാലഹരണപ്പെടുത്താതെ അക്കൗണ്ടിൽ നിക്ഷേപിച്ച് സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട് . യഥാസമയം തുക ക്ളെയിം ചെയ്യാതെ ഡിമാന്റ് ഡ്രാഫ്റ്റ് ഫയലിൽ സൂക്ഷിച്ചവച്ചുവയ്ക്കുന്നത് തുക കാലഹരണപ്പെടുന്നതിനിടയാക്കും .. കൂടാതെ വാർഷിക കണക്കിൽ ഡെപ്പോസിറ്റ് ഇനത്തിൽ കാണിക്കേണ്ടതും പ്രവൃത്തി പൂർത്തീകരണത്തിനു ശേഷം തിരികെ നൽകേണ്ടതുമായ ഈ തുകയുടെ വരവും ചെലവും കാണിച്ചിട്ടുമില്ല. അപാകതയ്ക്ക് വിശദീകരണം നൽകിയിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച മേൽ നടപടികൾ അറിയിക്കേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മണ്ണ് വെട്ടിയൊഴിവാക്കിയ ഇടങ്ങളിലും ക്വാറി മക്ക് വിരിച്ചു

പ്രവൃത്തി :ചാലിൽ ആടന്ര്വ എസ്റ്റേറ്റ് മുക്ക് റോഡ്

പ്രൊജക്ട് നമ്പർ :95/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

ബിൽ നമ്പർ,തുക : 65/23-03-2018, 395,438 /-

മേൽ പ്രവൃത്തിക്ക് ഇനം (1) ആയി 25.5മീറ്റർ നീളത്തിൽ 32.045m3 മണ്ണ് വെട്ടിയൊഴിവാക്കി റോഡിന്റെ ഉയരം കുറയ്ക്കുക, ഇനം (2) ആയി 80 മീറ്റർ നീളത്തിൽ ആകെ (103.538$m^3$ -മണ്ണ് വെട്ടിയൊഴിവാക്കിയ 32.045$m^3$) 71.493$m^3$ സബ് ഗ്രേഡ് വർക്ക്, ഇനം (3) ആയി റോഡ് പ്രബലപ്പെടുത്താൻ വേണ്ടി 85.5മീറ്റർ നീളത്തിൽ 10cm കനത്തിൽ 30.435$m^3$ ക്വാറിമക്ക് ഫില്ലിംഗ്, ഇനം (4) ആയി 90മീറ്റർ നീളത്തിൽ 15cm കനത്തിൽ 45.653$m^3$ കോൺക്രീറ്റ് ചെയ്യുക എന്നതാണ്. ആകെ 90മീറ്റർ നീളത്തിൽ റോഡ് കോൺക്രീറ്റ് പണിയാണ് ചെയതത്. ഇതിൽ ഇനം (3) ആയി റോഡ് പ്രബലപ്പെടുത്താൻ ക്വാറിമക്ക് ഫില്ലിംഗ് നടത്തിയത് 85.5മീറ്റർ നീളത്തിലാണ്. എന്നാൽ മൊത്തം 90 മീറ്ററിൽ 25.5 മീറ്റർ നീളം ഇനം (1) ആയി റോഡിന്റെ ഉയരം കുറയ്ക്കാൻ വേണ്ടി മണ്ണ് വെട്ടിയൊഴിവാക്കിയതാണ്. അതായത് മണ്ണ് വെട്ടിയൊഴിവാക്കിയ 25.5 മീറ്റർ റോഡിലും റോഡ് പ്രബലപ്പെടുത്താൻ ക്വാറിമക്ക് ഫില്ലിംഗ് നടത്തിയിട്ടുണ്ട്.

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ആകെ റോഡിന്റെ നീളം | മണ്ണ് വെട്ടിയൊഴിവാക്കിയ റോഡിന്റെ നീളം | പ്രബലപ്പെടുത്തേണ്ട റോഡിന്റെ നീളം (1-2) | ക്വാറിമക്ക് ഫില്ലിംഗ് നടത്തിയ റോഡിന്റെ നീളം | അധികം സ്ഥലത്ത് ക്വാറിമക്ക് ഫില്ലിംഗ് നടത്തിയ റോഡിന്റെ നീളം (4-3) |

| | | | | |
|---|---|---|---|---|
| | | | | |
| 90 മീറ്റർ | 25.5 മീറ്റർ | 64.5 മീറ്റർ | 85.5മീറ്റർ | 21 മീറ്റർ |

മേൽ കാണിച്ചതിൻ പ്രകാരം അധികമായി 21 മീറ്റർ റോഡിൽ ക്വാറിമക്ക് ഫില്ലിംഗ് നടത്തിയതിന് ചിലവഴിച്ച തുകയുടെ വിശദാംശം ചുവടെ:

| | |
|---|---|
| 85.5മീറ്റർ നീളത്തിൽ ക്വാറിമക്ക് ഫില്ലിംഗ് ചെയ്യാനുള്ള അളവ് | 30.435m3 |
| 1മീറ്റർ നീളത്തിൽ ക്വാറിമക്ക് ഫില്ലിംഗ് ചെയ്യാനുള്ള അളവ് | 0.355m3<br>(30.435/85.5) |
| 21മീറ്റർ നീളത്തിൽ ക്വാറിമക്ക് ഫില്ലിംഗ് ചെയ്യാനുള്ള അളവ് | 7.455m3<br>(0.355/21) |

21 മീറ്റർ (ഹാർഡ് സോയിൽ )റോഡിൽ അധികമായി 7.455$m^3$ക്വാറിമക്ക് ഫില്ലിംഗ് നടത്തിയത് ഓഡിറ്റിൽ വിശദീകരിക്കേണ്ടതാണ്.

## 3-2 കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവർത്തികളിൽ പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി തിയ്യതി.01-02-2012നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112പ്രകാരം മരാമത്ത് പ്രവർത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ച നൽകാമെന്നും സെക്ഷൻ 2112.1അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ ആദ്യ തവണ 1%വും തുടർന്ന് ഓരോ തവണയും 2%വും,മാക്സിമം 100,000/-രൂപ പിഴയായി ഈടാക്കേണ്ടതാണ്.അങ്ങനെയല്ലാത്തപക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1%(പരമാവധി 10%)ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ്ചെയ്യുകയും സെക്ഷൻ 2116.2,2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പല പൊതുമരാമത്ത് പ്രവർത്തികളിലും കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവർത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ച നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | പ്രവൃത്തിയുടെ പേര്,പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ | ബിൽ നമ്പർ,തുക |
|---|---|---|---|---|
| 1 | എം.എം പറമ്പ് മൂകായി അരീക്കരക്കണ്ടി റോഡ് (13/18) | 490,000 | ജിജീഷ്.പി.സി | 1/6-07-2017,<br>473,775/- |

| | | | | |
|---|---|---|---|---|
| 2 | അമേങ്ങലം കൊളിവയല് റോഡ് (26/18) | 475,000 | പി.പി മൊയ്തീൻകോയ | 4/1-07-2017, 474,014/- |
| 3 | ലക്ഷംവീട് അരിക്കല്ല് തേനാക്കുഴി റോഡ് (22/18) | 500,000 | മൊയ്തീൻകോയ | 7/1-07-2017, 495,426 |
| | എം.എം പറമ്പ് കോട്ടക്കുന്ന് റോഡ് (32/18) | 300,000 | സാദിഖ് റഹ്മാൻ | 13/28-07-2017, 294,628/- |
| 5 | താന്നിയുള്ള പറമ്പില് കാവിലാം പാറ റോഡ് (21/18) | 340,000 | അബ്ദുൽ മജീദ് | 19/18-09-2017, 329,647/- |

മേൽ പ്രവൃത്തികളിൽ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|
| | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ | കരാർ തുക | പൂർത്തീകരിക്കേണ്ട തിയ്യതി, കാലയളവ് | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ25%) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ2% (കാലയളവിന്റെ 25%* തവണ) | ആകെ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ | റിമാർക്ക് |
| 1 | എം.എം പറമ്പ് മൂകായി അരീക്കരക്കണ്ടി റോഡ് (13/18) | 490,000 | 58ദിവസം (31-03-2017) | 5-05-2017 (35 ദിവസം) | 4900 (15ദിവസം) | 20ദിവസം 9800 | 14,700/- | പ്രവൃത്തികളെല്ലാം പൂർത്തിയാക്കിയിരിക്കുന്നത് മാന്വൽ അനുശാസിക്കുന്ന ഒറിജിനൽ പൂർത്തീകരണ കാലാവധിയുടെ 50% ത്തിനു |
| 2 | അമേങ്ങലം കൊളിവയല് റോഡ് (26/18) | 475,000 | 45ദിവസം (31-03-2017) | 8-05-2017 (38 ദിവസം) | 4750(12 ദിവസം) | (26 ദിവസം 9500 | 14,250/- | |
| 3 | ലക്ഷംവീട് | 500,000 | 45ദിവസം | 12-06-2017 | 5000 | 61ദിവസം | 15,000/- | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | അരിക്കല്ല് തേനാക്കുഴി റോഡ് (22/18) | | (31-03-2017) | (73ദിവസം) | (12 ദിവസം) | 10000 | | |
| 4 | എം.എം പറമ്പ് കോട്ടക്കുന്ന് റോഡ് (32/18) | 300,000 | 31ദിവസം (31-03-2017) | 27-04-2017 (27 ദിവസം) | 3000 (8 ദിവസം) | 19 ദിവസം 6000 | 9,000/- | ള്ളിലല്ല. |
| 5 | താന്നിയുള്ള പറമ്പില് കാവിലാംപാറ റോഡ് (21/18) | 340,000 | 59 ദിവസം (31-03-2017) | 30-05-2017 (60 ദിവസം) | 3400(15 ദിവസം) | 45 ദിവസം 6800 | 10,200/- | |
| ആകെ | | | | | | | 63,150/- | |

ടെണ്ടർ ചെയ്ത്,കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. ഒറിജിനൽ കാലാവധി ദീർഘിപ്പിക്കാൻ അസി. എഞ്ചിനീയർ മുഖാന്തിരം അപേക്ഷ കൊടുക്കുന്ന പക്ഷം കരാർ ദുർബലപ്പെടുത്തേണ്ടതായിരുന്നു. പി.ഡബ്ല്യു.ഡി. മാന്വൽ 2116.2 അനുസരിച്ച് ടി പ്രവൃത്തികൾ കരാറുകാരന്റെ ഉത്തരവാദിത്തതിലും ചെലവിലും പൂർത്തിയാക്കേണ്ടതുമായിരുന്നുവെങ്കിലും ഇതിനു വേണ്ട നടപടികൾ സ്വീകരിക്കാതിരുന്നത് സൂപ്പർവൈസറി തലത്തിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തലത്തിലും പരിശോധിക്കപ്പെടുകയുണ്ടായില്ല. ഖണ്ഡികയിൽ പരാമർശിച്ച പ്രവൃത്തികളെല്ലാം തന്നെ യഥാർത്ഥ കാലാവധിയുടെ 50% അധിക കാലയളവിലും പൂർത്തീകരിക്കപ്പെടുകയുണ്ടായെങ്കിലും മാന്വൽ നിർദ്ദേശിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ശരിയായ നടപടിയല്ല. ഗ്രാമപഞ്ചായത്തിന് കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട സേവനം യാതൊരു കാരണവുമില്ലാതെ നീട്ടിവെക്കപ്പെടുന്ന തിനിടയാക്കിയവരിൽ നിന്നും നിയമപരമായി ഈടാക്കേണ്ട പിഴ പോലും ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയത് ക്രമവിരുദ്ധമാണ്. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ഈടാക്കാതിരുന്നതിനാൽ ഗ്രാമ പഞ്ചായത്തിന് സംഭവിച്ച 63,150/- രൂപയുടെ നഷ്ടം ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതും മറ്റ് നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 3-3 പൊതുമരാമത്ത് മേഖലയിൽ സർക്കാർ ഉത്തരവ് മറികടന്ന് പ്രൊജക്ട് തയ്യാറാക്കി നടപ്പാക്കുന്നു

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചില പ്രൊജക്ടുകളിൽ മൺപണി ഉൾപ്പെടുന്നുണ്ട്. 29-03-2017 ലെ ജി.ഒ(എം.എസ്)72/2017 ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് 12.10(2)അനുസരിച്ച് പൊതുമരാമത്ത് പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ മൺപണി, മെറ്റലിംഗ് എന്നിവയുടെ ചെലവ് തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തിയും ടാറിംഗ് ഉൾപ്പെടെയുള്ള മറ്റു പ്രവർത്തികൾ വികസനഫണ്ടുപയോഗിച്ചും ചെയ്യുന്ന വിധത്തിലായിരിക്കണം പ്രൊജക്ട് തയ്യാറാക്കേണ്ടത്. എന്നാൽ ഉണ്ണികുളം പഞ്ചായത്തിൽ മേൽ സർക്കാർ ഉത്തരവ് പാലിക്കാതെ (മൺപണി തൊഴിലുറപ്പു പദ്ധതിയിൽപ്പെടുത്തി ചെയ്യാതെ) വികസന/മറ്റു ഫണ്ടുകളുപയോഗിച്ച് ചെയ്യുന്ന രീതിയിൽ പ്രൊജക്ട് തയ്യാറാക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | പ്രവൃത്തിയുടെ പേര്,പ്രൊജക്ട് നമ്പർ | ഇനം | അളവ് | കരാർ നിരക്ക് | ഇനത്തിന്റെ തുക | ബിൽ നമ്പർ,തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | വടക്കമ്പാട് കേളോത്ത് റോഡ് (18/18) | 1 | 32.29m3 (@215.26) | 11.31% കുറവ് | 6164.62 | 5/1-07-2017, 279,458/- |
| 2 | ലക്ഷംവീട് അരിക്കല്ല് തേനാക്കുഴി റോഡ് (22/18) | 1 (2*) | 11.39m3 (@215.26) | എസ്റ്റിമേറ്റ് നിരക്ക് | 2,451.81 | 7/1-07-2017, 495,426/- |
| 3 | കരുമല വള്ളിയോത്ത് റോഡ് (24/18) | 4 (2*) | 7.5m3 (@217.51) | എസ്റ്റിമേറ്റ് നിരക്ക് | 1,631.33 | 15/28-07-2017, 398,527/- |
| 4 | ചാലിൽ ആടമ്പ്ര എസ്റ്റേറ്റ് മുക്ക് റോഡ് (95/18) | 1 | 32.045m3 (@33.56) | 1% കുറവ് | 1,064.68 | 65/23-03-2018, 395,438/- |
| | | | | | 11,312.44 | |

സർക്കാർ ഉത്തരവ് മറികടന്ന് പ്രൊജക്ടുകൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നത് ആശാസ്യമല്ല.സമഗ്ര വീക്ഷണത്തോടെ പ്രൊജക്ട് തയ്യാറാക്കുന്നതിലും പ്രൊജക്ടുകൾക്ക് വേണ്ടി ഫണ്ട് വകയിരുത്തുന്നതിലും പഞ്ചായത്ത് ബോർഡ്,വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി,വർക്കിംഗ് ഗ്രൂപ്പ്,നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവർ വേണ്ടത്ര ജാഗ്രത പാലിക്കുകയുണ്ടായിട്ടില്ല. ഇങ്ങനെ ചെലവഴിച്ച 11,312.44 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ ഉത്തരവു പരിഗണിക്കാതെ പ്രോജക്ടുകൾ തയ്യാറാക്കുന്നതു വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുന്നതിന് വിശദീകരണം നൽകേണ്ടതാണ്

## 3-4 സ്പിൽ ഓവർ പ്രവൃത്തികൾ സ്പിൽ ഓവർ ആയ വർഷം പൂർത്തീകരിച്ചില്ല

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2016-17 വർഷത്തിൽ നടപ്പിലാകാതെപോയ പ്രൊജക്ടുകൾ 2017-18 വർഷത്തിൽ സ്പിൽഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തിയ്യതി.29-03-2017 അനുസരിച്ച് ഏതെങ്കിലും കാരണവശാൽ നിർവ്വഹണം നീണ്ടുപോയതും കരാർ വെച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്തതുമായ പൊതുമരാമത്ത് പ്രവർത്തികൾ സ്പിൽഓവർ ആയി അടുത്തവർഷത്തിലേക്ക് കൊണ്ടുവരാവുന്നതും ഇങ്ങനെ സ്പിൽഓവറായ

പ്രവർത്തികൾ സ്പിൽഓവറായ വർഷം തന്നെ പൂർത്തീകരിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സ്പിൽഓവറായ പ്രവർത്തികൾ സ്പിൽഓവറായ വർഷം പൂർത്തീകരിക്കുകയുണ്ടായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | പ്രൊജക്റ്റ് നമ്പർ | വകയിരുത്തിയ തുക |
|---|---|---|
| 1 | 25/18 | 300,000/- |
| 2 | 39/18 | 150,000/- |
| 3 | 41/18 | 65,000/- |
| 4 | 281 | 415,000/- |
| 5 | 289 | 10,85,498/- |
| 6 | 296 | 30,507/- |
| 7 | 299 | 150,000/- |
| 8 | 300 | 440,000/- |
| 9 | 302 | 45,000/- |
| 10 | 311 | 50,000/- |
| 11 | 312 | 100,000/- |
| 12 | 313 | 200,000/- |
| 13 | 318 | 70,000/- |
| 14 | 325 | 17,973/- |
| 15 | 328 | 120,281/- |
| 16 | 329 | 290,000/- |

| | | |
|---|---|---|
| 17 | 330 | 300,000/- |
| 18 | 331 | 200,000/- |
| 19 | 333 | 100,000/- |
| 20 | 338 | 300,000/- |
| 21 | 339 | 200,000/- |
| 22 | 343 | 150,000/- |
| 23 | 344 | 200,000/- |
| 24 | 346 | 410,000/- |
| 25 | 347 | 100,000/- |
| 26 | 348 | 37,678 |
| 27 | 349 | 14,818/- |
| 28 | 350 | 32,534/- |
| 29 | 352 | 100,000/- |

ഫലത്തിൽ മേൽ പ്രൊജക്ടുകൾ തുടർന്നുള്ള വർഷത്തിൽ ഗ്രാമപഞ്ചായത്തിന് നടപ്പാക്കാൻ കഴിയാതെ വന്നിരിക്കുന്നു. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിലുമുണ്ടായ അപാകതയായി ഓഡിറ്റ് ഇത് കണക്കാക്കുന്നു. ഈ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-5 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ കൂലിചെലവ് അനുവദിച്ചു

പ്രൊജക്ട് : നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി

പ്രൊജക്ട് നമ്പർ :165/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

മേൽ പ്രൊജക്ട് പ്രകാരം മുണ്ടകൻ കൃഷി ചെയ്ത 113 പേർക്ക് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം കൂലിച്ചെലവ് നൽകിയിട്ടുണ്ട്.

| | ബിൽ നമ്പർ/ചെക്ക് | തുക | ഗുണഭോക്താക്കളുടെ |
|---|---|---|---|

| | നമ്പർ, | | എണ്ണം |
|---|---|---|---|
| 1 | 4/17-01-2018, | 63,240/- | 35 |
| 2 | 9/12-02-2018, | 124,270/- | 62 |
| 3 | 10/12-02-2018, | 13,940 /- | 9 |
| 4 | 11/12-02-2018, | 7,820 /- | 5 |
| 5 | 12/12-02-2018, | 2,040 /- | 1 |
| 6 | 13/12-02-2018, | 1,120 /- | 1 |
| 7 | 3102187/ 15-02-2018, | 106,250/- | ബ്ലോക്ക് വിഹിതം (113പേർക്ക്) |
| 8 | 3102188/ 15-02-2018, | 106,250 /- | ജില്ലാപഞ്ചായത്ത് വിഹിതം (113പേർക്ക്) |
| | | 425,000/- | 113 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന എത്ര പേർക്ക്,എത്ര പാടശേഖര സമിതികൾക്ക് പഞ്ചായത്ത് പദ്ധതി ചെലവ് കൂടാതെ കൃഷി വകുപ്പ് മുഖേനയുള്ള നെൽകൃഷി കൂലിചെലവ് സബ്സിഡി 2017-18 വർഷത്തിൽ നൽകുകയോ/2017-18 വർഷത്തെ കൂലിചെലവായി പിന്നീട് നൽകുകയോ ചെയ്തിട്ടുണ്ടോയെന്ന ഓഡിറ്റ് എൻക്വയറി-2/11-01-2019ന് കൃഷി വകുപ്പ് മുഖേന കൂലിച്ചെലവ് നൽകിയിട്ടില്ലെന്ന് കൃഷി ഓഫീസർ രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്.

പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജി.ഒ(എം.എസ്)80/2017 ത.സ്വ.ഭ.വ തിയ്യതി.03-04-2017 അനുസരിച്ച് നാമമാത്ര/ചെറുകിട കർഷകർക്ക് അവർ കൃഷിചെയ്ത ഭൂവിസ്തൃതിക്കനുസരിച്ചാണ് നെൽകൃഷി ചെയ്യുന്നതിനുള്ള കൂലിചെലവ് സബ്സിഡി നൽകേണ്ടത്. എന്നാൽ 113 ഗുണഭോക്താക്കൾക്കും സബ്സിഡി അനുവദിച്ചപ്പോൾ ഇവർക്ക് 5 ഏക്കറിൽ കൂടുതൽ കൈവശ ഭൂമിയില്ലെന്ന് ഉറപ്പുവരുത്താതെയാണ് കൂലിച്ചെലവ് സബ്സിഡി നൽകിയിട്ടുള്ളത്.

2) സബ്സിഡി മാർഗ്ഗരേഖ പ്രകാരം മുൻകൂറായി വിള ഇൻഷൂറൻസ്, ചെയ്തവർക്ക് മാത്രമേ സബ്സിഡി നൽകാവൂ. എന്നാൽ 113 ഗുണഭോക്താക്കൾക്കും കൂലിച്ചെലവ് സബ്സിഡി നൽകിയത് വിള ഇൻഷൂറൻസ് ചെയ്തതിന്റെ ബോണ്ട് ഹാജരാക്കാതെയാണ്.

3) കർഷകർക്ക് അവർ കൃഷിചെയ്ത ഭൂവിസ്തൃതിക്കനുസരിച്ചാണ് കൂലിചെലവ് സബ്സിഡി നൽകേണ്ടത്. എന്നാൽ സഹായം ലഭിച്ച 113 ഗുണഭോക്താക്കളുടേയും അവർ നെൽകൃഷി ചെയ്ത കൃഷിഭൂമി സംബന്ധിച്ച റെവന്യൂ അധികാരികൾ നൽകിയ രേഖയോ,പാട്ടകൃഷി ചെയ്തവരുടെ കാര്യത്തിൽ പാട്ടക്കരാറിന്റെ രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കാൻ സ്വീകരിക്കേണ്ട നടപടികൾ:

അപാകത 1: 5 ഏക്കറിൽ കൂടുതൽ കൈവശ ഭൂമിയില്ലെന്ന് ഉറപ്പുവരുത്താനാവശ്യമായ രേഖകൾ ഹാജരാക്കുക.

അപാകത 2: നെൽകൃഷി ചെയ്ത കൃഷിഭൂമി സംബന്ധിച്ച് റവന്യൂ അധികാരികൾ നൽകിയ സർട്ടിഫിക്കറ്റ്/പാട്ടകൃഷി നടത്തുകയാണെങ്കിൽ പാട്ടക്കരാറിന്റെ കോപ്പി ഹാജരാക്കേണ്ടതാണ്.

അപാകത 3: കൂലിച്ചെലവ് നൽകിയവരുടെ പേരിലുള്ള വിള ഇൻഷൂറൻസ് ബോണ്ട് ഹാജരാക്കേണ്ടതാണ്.

അപാകത 1,2,3 എന്നിവയുടെ അടിസ്ഥാനത്തിൽ 425,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കാർഷിക മേഖലയിലെ പ്രൊജക്റ്റുകൾ തയ്യാറാക്കുമ്പോഴും നടപ്പിലാക്കുമ്പോഴും സബ്സിഡി മാർഗ്ഗരേഖയ്ക്കനുസൃതമായാണെന്ന് ഉറപ്പുവരുത്താൻ വേണ്ട ഇടപെടലുകൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നുണ്ടാവേണ്ടതാണ്.

## 3-6 ഗുണഭോക്തൃ വിഹിതം പ്രൊജക്റ്റിലുൾപ്പെടുത്തിയില്ല - പിരിച്ചെടുത്ത് പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

പ്രോജക്റ്റ് - പട്ടിക ജാതിക്കാർക്ക് പിവിസി വാട്ടർ ടാങ്ക് 135/18

നിർവ്വഹണം - അസി സെക്രട്ടറി

അടങ്കൽ – 277000 എസ് സി പി

ചെലവ് 270000 ബിൽ 7/17-18 26.3.2018

പട്ടിക ജാതിയിൽപ്പെട്ട നിർദ്ധനരായ ഗുണഭോക്താക്കൾക്ക് 500 ലിറ്ററിന്റെ പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകുന്നതിനാണ് പ്രോജക്റ്റ്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഈയിനത്തിനു നൽകാവുന്ന പരമാവധി സബ്സിഡി 75% ആണ്. 25% ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതുണ്ട്. എന്നാൽ പ്രോജക്റ്റ് രൂപീകരിച്ചപ്പോൾ അടങ്കലിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയില്ല. ഇ ടെണ്ടർ വഴി കുറവ് നിരക്ക് രേഖപ്പെടുത്തിയ തൃശ്ശൂർ വിക്ടോറിയ പോളിഫോമിൽ നിന്നുമാണ് വാട്ടർ ടാങ്ക് വാങ്ങിയത്. 90 വാട്ടർ ടാങ്കിന് 3000 രൂപ വീതം 270000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ഇനത്തിൽ മൊത്തം നൽകാവുന്ന സബ്സിഡി തുക 202500/- രൂപയും ഗുണഭോക്തൃ വിഹിതം 67500 രൂപയുമാണ്. പകരം മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് സപ്ലയർക്ക് നൽകി.

ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 90 ഗുണഭോക്താക്കളിൽ നിന്നും 750 രൂപ വീതം ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് തനത് ഫണ്ടിൽ നിക്ഷേപിക്കുകയും മേൽ ഗുണഭോക്തൃവിഹിതത്തിന് പകരം വികസന ഫണ്ട് (എസ് സി പി) ചെലവഴിക്കുകയും ചെയ്തു. പദ്ധതി ആസൂത്രണം മോണിട്ടർ ചെയ്യേണ്ട വികസന സ്റ്റാന്റിംഗ് കമ്മറ്റി, ഫണ്ട് ചെലവഴിക്കുന്നതിൽ മേൽ നോട്ടം വഹിക്കേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തിയില്ല.
അപാകതയുടെ അടിസ്ഥാനത്തിൽ വികസന ഫണ്ടിൽ നിന്നുള്ള 67500 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തനത് ഫണ്ടിൽ നിന്നും മേൽ തുക വികസന ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 3-7 ലാപ് ടോപ്പ് വിതരണം - അപാകതകൾ

പ്രോജക്റ്റ് - പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം 99/18

അടങ്കൽ - 900000 എസ് സി പി

ചെലവ് - 879680 ബിൽ 8/17-18 26.3.18

നിർവ്വഹണം - അസി സെക്രട്ടറി

പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ആയതിനായി 32 ലാപ് ടോപ്പുകൾ 879680 രൂപ ചെലവഴിച്ച് വാങ്ങുകയും വിതരണം ചെയ്യുകയും ചെയ്തു. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകളുണ്ടായി.

*ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തവരെ ഒഴിവാക്കി - 63680 രൂപ അധികച്ചെലവ്*

മൂന്ന് സ്ഥാപനങ്ങളാണ് ടെണ്ടർ സമർപ്പിച്ചത് . ഫയലിനോടൊപ്പമുള്ള കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് പ്രകാരം നിരക്കുകൾ താഴെ പറയും പ്രകാരമാണ്.

| സ്ഥാപനം | നിരക്ക് |
|---|---|
| ടെക്നോ വേൾഡ് ദ ഐടി സ്റ്റോർ | 27490 |
| മക്കോം ഇൻഫോ സൊല്യൂഷൻസ് | 25500 |
| മോംഗാർ ബോക്സ് | 28199 |

കുറവ് തുക ക്വാട്ട് ചെയ്ത മക്കോം ഇൻഫോ സൊല്യൂഷൻസിന്റെ ടെണ്ടർ പത്രിക ഫയലിനോടൊപ്പം ലഭ്യമാക്കിയില്ല. ഒരേ സ്പെസിഫിക്കേഷനിൽ കുറവ് തുക ക്വാട്ട് ചെയ്ത മക്കോം ഇൻഫോ സൊല്യൂഷൻസിനെ ഒഴിവാക്കി ടെക്നോ വേൾഡിന്റെ ടെണ്ടർ സ്വീകരിച്ചതിലൂടെ 63680/- രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായി. പ്രോക്യൂർമെന്റ് കമ്മിറ്റി പഞ്ചായത്തിൽ നിഷ്ക്രിയമാണ്. മിനുട്സിൽ തൻവർഷം മൂന്ന് തവണ യോഗം ചേർന്നതായി അംഗങ്ങൾ പേരെഴുതി ഒപ്പിട്ടിട്ടുണ്ടെങ്കിലും ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയതായോ തീരുമാനമെടുത്തതായോ രേഖപ്പെടുത്തിയിട്ടില്ല.

*നിലവിൽ വിദ്യാർത്ഥിയല്ലാത്ത ഗുണഭോക്താവിന് ലാപ് ടോപ്പ്*

സബ്സിഡി മാർഗ്ഗ രേഖ പ്രകാരം നിലവിൽ വിദ്യാർത്ഥിയായിരിക്കുന്നവർക്ക് മാത്രമാണ് ലാപ് ടോപ്പ് നൽകേണ്ടത്. ആയത് തെളിയിക്കുന്നതിന് പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയിൽ നിന്നും കോഴ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ലാപ് ടോപ്പ് വിതരണം ചെയ്തവരിൽ അശ്വന്ത്. എസ് ചപ്പങ്ങുള്ള കണ്ടി കരിയാത്തൻ പാറ എന്നയാളുടെ രേഖകളിൽ 2016ൽ കോഴ്സ് വിജയകരമായി പൂർത്തിയാക്കി എന്നതിന്റെ സർട്ടിഫിക്കറ്റാണുള്ളത്. അനർഹനായ ഗുണഭോക്താവിന് നൽകിയ ആനുകൂല്യം തിരികെ ഈടാക്കേണ്ടതാണ്.

*അംഗീകാരത്തിന്റെ വിവരം ലഭ്യമാക്കാത്ത സ്ഥാപനത്തിലെ വിദ്യാർത്ഥിനിക്ക് ആനുകൂല്യം*

പേരാമ്പ്ര മഹാരാജാസ് ഇൻസ്റ്റിട്യൂട്ടിൽ ലാബ് ടെക്നീഷ്യൻ കോഴ്സിന് പഠിക്കുന്ന രേഷ്മ എം.ടി മാളികത്തടത്തിൽ എന്ന വിദ്യാർത്ഥിനിക്ക് ലാപ് ടോപ്പ് നൽകിയിട്ടുണ്ട്. മേൽ സ്ഥാപനത്തിന്റെ അഫിലിയേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗ രേഖ പ്രകാരം മെറിറ്റോറിയസ് ആയതും അംഗീകാരമുള്ള വിദ്യാലയങ്ങളിൽ പഠിക്കുന്നവർക്കുമാണ് ആനുകൂല്യം നൽകേണ്ടത്.

സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി നൽകിയ രണ്ട് ലാപ് ടോപ്പുകളുടെ വില 54980/- രൂപയും ( 27490 x 2) പ്രോക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചെലവ് ചെയ്ത 63680/- രൂപയും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്.

## **3-8** <u>ആവശ്യകത നിർണ്ണയിക്കാതെ ഫർണിച്ചറുകൾ വാങ്ങി</u>

പ്രോജക്ട് - 149/18 ഇയ്യാട് വനിത ഫെസിറ്റേഷൻ സെന്റർ ഫർണിച്ചർ വാങ്ങൽ

അടങ്കൽ – 300000 എസ് സി പി

ചെലവ് – 293200/- ബിൽ 6/17-18 26.3.18

നിർവ്വഹണം - അസി. സെക്രട്ടറി

ഇയ്യാട് വനിതാ ഫെസിലിറ്റേഷൻ സെന്ററിലേക്ക് ഫർണിച്ചർ വാങ്ങുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ആയതിനായി ടെണ്ടർ ക്ഷണിച്ച് 10 അലമാര, 20 മേശ, 200 കസേര എന്നിവ വാങ്ങിയിട്ടുണ്ട്. ഫെസിലിറ്റേഷൻ സെന്ററിലേക്ക് ഇത്രയധികം ഫർണിച്ചറുകൾ എന്ത് ആവശ്യം മുന്നിൽ കണ്ടു കൊണ്ടാണ് വാങ്ങുന്നത് എന്ന കാര്യം പ്രോജക്ടിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. വാങ്ങിയ ഫർണിച്ചറുകളുടെ വിവരം അസി. സെക്രട്ടറി സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആർക്കെങ്കിലും കൈമാറിയോ എന്ന് രേഖപ്പെടുത്തിയിട്ടില്ല. ടി ഫർണിച്ചറുകൾ പഞ്ചായത്തിലെ മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി ഇയ്യാട് ഫെസിലിറ്റേഷൻ സെന്റർ സന്ദർശിച്ചതിൽ വാങ്ങിയ 10 അലമാരകളിൽ 8 എണ്ണവും 200 കസേരകളിൽ 100 ഓളം എണ്ണവും 20 മേശകളും ഹാളിലും മുറിയിലുമായി കൂട്ടിയിട്ടതായി കണ്ടു. ഫർണിച്ചറുകൾ നമ്പർ ചെയ്ത് ആസ്തിയുടെ ഭാഗമാക്കിയിട്ടില്ല. മേൽ കേന്ദ്രത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്താണെന്നും ഫർണിച്ചറുകളുടെ ആവശ്യകതയും കേന്ദ്രം നടത്തിപ്പിന്റെ കൃത്യമായ ചുമതലകൾ ഏൽപ്പിച്ചു നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിക്കേണ്ടതാണ്.

## **3-9** <u>സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചികിത്സയ്ക്ക് ധനസഹായം</u>

പ്രോജക്ട് - വൃക്ക രോഗികൾക്ക് ധനസഹായം 94/18

നിർവ്വഹണം - മെഡിക്കൽ ഓഫീസർ , പിഎച്ച്സി

അടങ്കൽ - 200000 വികസന ഫണ്ട് (ജനറൽ)

ചെലവ് - 200000 ബിൽ നം. 10/17-18 26.3.18

ഗ്രാമപഞ്ചായത്തിലെ വൃക്ക രോഗികൾക്ക് ധനസഹായം നൽകുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. മരുന്ന്/ ലാബ് ടെസ്റ്റ് നടത്തിയ ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് 20 രോഗികൾക്ക് 9500 രൂപ വീതവും ഒരു രോഗിക്ക് 10000 രൂപയും ധനസഹായമായി നൽകി. 3.4.17 ലെ ജി ഓ (എംഎസ്) 80/17/തസ്വഭവ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7 ലെ ക്രമ നം. 7 പ്രകാരം സബ്സിഡി പണമായി നൽകുന്നത് അനുവദനീയമല്ല. ക്രമ നം. 8 പ്രകാരം ചികിത്സയ്ക്കായി മുൻകൂർ അനുമതിയില്ലാതെ ധനസഹായം നൽകാൻ പാടില്ല. ചികിത്സാ ചെലവുകൾ നല്കുന്നതിനായി RSBY, വൃക്ക രോഗികൾക്ക് പ്രത്യേകമായി ജില്ലാ പഞ്ചായത്തിന്റെ സ്നേഹ സ്പർശം എന്നിവ പോലുള്ള പദ്ധതികൾ ലഭ്യമായിരിക്കേ സബ്സിഡി നൽകാൻ പാടില്ല എന്ന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച ഇനം നടപ്പാക്കി തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവു തുക 2 ലക്ഷം രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും പദ്ധതിക്ക് അംഗീകാരം നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. പദ്ധതിക്ക് അംഗീകാരം നൽകിയ ഉദ്യോഗസ്ഥന്റെ (Dr.അജിത്ത്, മെഡിക്കൽ ഓഫീസർ) സ്ഥിരമേൽവിലാസം, നിലവിൽ ജോലി ചെയ്യുന്ന തസ്തിക, ഔദ്യോഗിക മേൽ വിലാസം എന്നിവ അറിയിക്കേണ്ടതാണ്.

## **3-10** <u>പാലിയേറ്റീവ് പരിചരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ</u>

പ്രോജക്ട് - 46/18 പെയിൻ ആന്റ് പാലിയേറ്റീവ്

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (പിഎച്ച്സി)

അടങ്കൽ - 600000 വികസന ഫണ്ട് (ജനറൽ)

ചെലവ് – 131800 ബിൽ നം 1/17-18 23.9.17

28700 ബിൽ നം 3/17-18 24.10.17

58700 ബിൽ നം 4/17-18 8.1.18

111400 ബിൽ നം 7/17-18 16.3.18

269400 ബിൽ നം 9/17-18 28.3.18

ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ വാഹന വാടക നൽകുന്നു

പാലിയേറ്റീവ് പരിചരണത്തിനായി തൻ വർഷം 149100/- രൂപ വാഹന വാടകയായി നൽകിയിട്ടുണ്ട്. വാഹനം ഓടുന്ന കിലോമീറ്റർ പരിഗണിക്കാതെ ഒരു യാത്രയ്ക്ക് 1050/- രൂപ പ്രകാരമാണ് ശ്രീജ.സി എന്നയാൾക്ക് വാഹന വാടക നൽകിയിട്ടുള്ളത്. 29.10.15 ലെ സ.ഉ(സാധാ) 3217/15/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 2.6.5 (3) പ്രകാരം ക്വട്ടേഷൻ വിളിച്ച് കിലോമീറ്ററിന്റെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിക്കേണ്ടതും ആയത് പിഎംസി അംഗീകരിക്കേണ്ടതുമാണ്. ആറു മാസത്തിലൊരിക്കൽ ഈ നടപടി സ്വീകരിക്കേണ്ടതാണ്. എന്നാൽ വാടക നിശ്ചയിച്ചതിന് /ഫയലിൽ ഇത്തരമൊരു നടപടി സ്വീകരിച്ചതിന് രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. നിരന്തരം യാത്ര വേണ്ടി വരുന്ന സാഹചര്യത്തിൽ മേൽ ആവശ്യത്തിനായി നിരക്ക് നിശ്ചയിക്കാൻ മത്സരാധിഷ്ഠിത ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

ഭക്ഷണ ചെലവിന് ബിൽ ഹാജരാക്കുന്നില്ല

29.10.15 ലെ സ.ഉ(സാധാ) 3217/15/തസ്വഭവ, 23.5.17 ലെ സ.ഉ(സാധാ) 1683/17/ തസ്വഭവ എന്നിവ പ്രകാരം പരിചരണത്തിനായി പോകുന്ന ഹോംകെയർ ടീമിന്റെ ഭക്ഷണ ചെലവ് 250 രൂപ വരെയാകാവുന്നതാണ്. തൻ വർഷം ഈയിനത്തിൽ 40500 രൂപ ചെലവഴിച്ചിട്ടുണ്ട്. ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുക നൽകുന്നതിന് പകരം അലവൻസ് 250 രൂപയിൽ നിജപ്പെടുത്തി നൽകുന്ന രീതിയാണ് തുടരുന്നത്. ബിൽ പ്രകാരം തുക കുറവാണെങ്കിൽ ആയത് നൽകുന്നതിന് പകരം പരമാവധി തുകയിൽ നിജപ്പെടുത്തി നൽകുന്നതിന് വിശദീകരണം നല്കേണ്ടതാണ്.

ഉത്തരവുകളിൽ നിർദ്ദേശിച്ച പ്രകാരം പദ്ധതി നടത്തിപ്പിൽ മാറ്റം വരുത്താൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 3-11 അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലെ അപര്യാപ്തത

ഗ്രാമപഞ്ചായത്തിൻ കീഴിൽ പ്രവർത്തിക്കുന്നതും നിത്യേന 70 ൽ പരം രോഗികൾ ആശ്രയിക്കുന്നതുമായ ആയുർവേദ ഡിസ്പെൻസറി പഞ്ചായത്ത് പ്രദേശത്തെ കരുമല എന്ന സ്ഥലത്ത് വാടക കെട്ടിടത്തിൽ രണ്ട് ചെറിയ മുറികളിലായാണ് പ്രവർത്തിക്കുന്നത്. മരുന്ന് സൂക്ഷിക്കുവാനോ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തത് കാരണം ഡിസ്പെൻസറി പ്രവർത്തിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നു. സമാനമായ അവസ്ഥയാണ് 70 ൽ പരം രോഗികൾ ആശ്രയിക്കുന്നതും എം.എം.പറമ്പിലെ വാടക കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്നതുമായ എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിക്കും ഉള്ളത്. ജനങ്ങൾക്ക് ഏറെ ആശ്രയമായ മേൽ ആരോഗ്യ കേന്ദ്രങ്ങൾക്ക് നിയമാനുസൃതം വേണ്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. .

## 3-12 ഹെഡ് മാസ്റ്റർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

തൻവർഷം ഹെഡ്മാസ്റ്റർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ അപാകതകളുണ്ടായിട്ടുണ്ട്.

I.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 172/18 |
| പ്രോജക്ട് | ഒന്നാംക്ലാസ് ഒന്നാം തരമാക്കൽ |
| വകയിരുത്തിയ തുക | 2550000 രു |

| | |
|---|---|
| ചെലവഴിച്ച തുക | 10 ലക്ഷം രൂ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 3/17-18 , 30.3.18 , 10 ലക്ഷം രൂ |
| തുക കൈപ്പറ്റിയ വിതരണ ഏജൻസി | സിൽക്ക് , ബേപ്പൂർ , കോഴിക്കോട്. |

സർക്കാർ , എയ്ഡഡ് സ്കൂളുകളിലെ ഒന്നാം തരത്തിലെ 22 ഡിവിഷനുകൾ സ്മാർട്ട് ക്ലാസ് റൂം ആക്കി മാറ്റുന്നതിനുള്ള പ്രോജക്ട് ആണിത്. എയ്ഡഡ് സ്കൂളുകളിൽ ടൈൽ പാകൽ , പെയിന്റിങ് എന്നീ ജോലികൾക്ക് അതത് മാനേജ്മെന്റുകൾ മുടക്കേണ്ട 650000 രൂ കൂടി ചേർത്ത് 3200000 രൂ മുതൽ മുടക്കിലാണ് പ്രോജക്ട് വിഭാവനം ചെയ്തത്. 5.3.2018 കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20/2017/SRG/CC(19) നമ്പർ തീരുമാനം പ്രകാരം പ്രോജക്റ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം സ്കൂളുകളിലേക്ക് കൈമാറേണ്ട സാധനങ്ങളുടെ ലിസ്റ്റ് താഴെപ്പറയുന്നു.

| ക്രമ നമ്പർ | സാധനങ്ങൾ | എണ്ണം | നിരക്ക് (രൂ) | ആകെ (രൂ) |
|---|---|---|---|---|
| 1. | Desk 75 x 38 x 180 c.m with steel top and bottom shelf and bench 75 x 38 x 180 c.m with steel rest. | 62 | 12555.2 | 778422.4 |
| 2. | Android TV 49 inch | 15 | 79296 | 1189440 |
| 3. | Chappal rack | 15 | 6608 | 99120 |
| 4. | Teachers table with size 3 x2<br>with one drawer and locker with mica top. | 15 | 7080 | 106200 |
| 5. | Teachers steel chair powder coated with cushion seat and back with arm | 15 | 3964 | 59460 |
| 6. | Side rack , 75 x 30 x 90 c.m with three panels | 15 | 9251 | 138765 |
| 7. | Fan | 15 | 2596 | 38940 |
| 8. | White board 4 x3 | 15 | 5947.2 | 89208 |
| 9. | Wash basin | 15 | 2360 | 35400 |
| 10. | Learning materials | 15 | 159.65 | 2394.75 |

ആകെ . 2537350.15 രൂ

SILK എന്ന സ്ഥാപനവുമായി 28.3.2018 തിയ്യതിയിൽ ഒപ്പിട്ട കരാർ പ്രകാരം സപ്ലൈ ഓർഡർ നല്കിയത് 27.3. 2018 ലാണ് . അക്രിഡറ്റഡ് ഏജൻസി എന്ന നിലയിൽ ടെണ്ടറിങ് നടപടികൾ കൂടാതെയാണ് വിതരണക്കാരെ നിശ്ചയിച്ചത്. പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1. ജി.ഒ (പി) 122/2017/ഫിൻ തിയ്യതി 18.9.2017 , ജി.ഒ(പി)95/2017/ഫിൻ തിയ്യതി 25.7.2017 എന്നീ ഉത്തരവ് പ്രകാരമാണ് SILK എന്ന ഏജൻസിയെ അക്രഡിറ്റഡ് ഏജൻസിയായി നിർണയിച്ചത്.
ഈ ഉത്തരവുകൾ പ്രകാരം സ്ഥാപനത്തിന്റെ area of accreditation ' steet structures , elecro mechanical works , and civil works which are part of the contract works where design and fabrication of steel structures is involved as PMC( Project mangement consultant) ' എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. അല്ലാതെ LED ടെലിവിഷൻ സെറ്റുകൾ , സ്റ്റീൽ ഫർണിച്ചർ , വൈറ്റ് ബോർഡ് , പഠന സാമഗ്രികൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി SILKനെ ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. ഇത്തരം സാധനങ്ങൾ വിതരണം ചെയ്യുന്നതിനാണ് ടെണ്ടർ നടപടികൾ പോലും ഇല്ലാതെ വിതരണ ഏജൻസിയെ തെരഞ്ഞെടുത്തത്. നടപടികൾ പ്രോക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ചതായും കാണുന്നില്ല. 24.3.2018 തിയ്യതിയിലെ Estt. No SILK/SBU(B)/2017-18/639 പ്രകാരം സിൽക്ക് സമർപ്പിച്ച എസ്റ്റിമേറ്റ് പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ചതായി കാണുന്നില്ല.

2. പ്രോജക്ട് 2017-18 ൽ നടപ്പിലാക്കിയിട്ടില്ല. 25ലക്ഷത്തിലധികം രൂപ മുതൽമുടക്കുള്ള പ്രോജക്ടിന് ആകെ 10 ലക്ഷം രൂ മാത്രമേ 2017-18 സാമ്പത്തിക വർഷാവസാനം വരെ ലഭ്യമായുള്ളൂ. പിന്നീട് 2018-19 സ്പിൽ ഓവർ പ്രോജക്ട് ആയി അനുമതി നേടിയ ശേഷമാണ് പ്രോജക്ട് നടപ്പായത്. 2017-18 ൽ തന്നെ മുൻകൂർ ആയി 10 ലക്ഷം രൂ സിൽക്കിന്റെ അക്കൌണ്ടിലേക്ക് നല്കുകയും ചെയ്തു. 3.4.2017 ലെ സ.ഉ.(എം.എസ്)80/2017തസ്വഭവ , 29.3.2017 തിയ്യതിയിലെ ജി.ഒ(എം.എസ്)72/2017 തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം ഗ്രാമ പഞ്ചായത്തിന് തുകകൾ മുൻകൂർ ആയി ഡെപ്പോസിറ്റ് ചെയ്യാവുന്ന ഏജൻസിയായി സിൽക്കിനെ പരിഗണിച്ചിട്ടില്ല.

അപാകതകൾ വിശദീകരിക്കേണ്ടതാണ്. പ്രോജക്ട് 2018-19 സാമ്പത്തിക വർഷം നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. മേൽ അപാകതകളാൽ 10 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

II.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 278/18 |
| പ്രോജക്ട് | ഗ്രാമപഞ്ചായത്തിലെ ക്ലബുകളുടേയും സന്നദ്ധ സംഘടനകളുടേയും കോ-ഓർഡിനേഷനും ശാക്തീകരണവും |
| വകയിരുത്തിയ തുക | 250000 രൂ |
| ചെലവഴിച്ച തുക | 191210 രൂ |
| ഫണ്ട് | തനത് ഫണ്ട് |
| ചെലവ് വിശദാംശം | ടി.എസ്.ബി ചെക്ക് നമ്പർ 8558584 , തിയ്യതി 29.3.2018, 191210 രൂ |

| | |
|---|---|
| സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്ത ഏജൻസി | Admas spot N sports ,ബാലുശ്ശേരി. |
| ഇൻവോയ്സ് നമ്പർ , തിയ്യതി , തുക | B862 , 29.3.2018 , 182705 രൂ |

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി ക്ലബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നല്കിയിട്ടുണ്ട്. പഞ്ചമി കരുമല, ചെന്താര മുല്ലോളിപ്പാറ , തണൽ കോമ്പിൽ , ജ്വാല കാപ്പിയിൽ , സംഗവേദി കരുമല , റൺവോയിസ് , സ്പ്രകൻസ് എന്നീ ക്ലബുകൾക്കാണ് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നല്കിയത്. എന്നാൽ ക്ലബുകളുടെ രജിസ്ട്രേഷൻ രേഖകളൊന്നും പരിശോധനക്ക് ലഭിച്ചിട്ടില്ല. വാങ്ങൽ നടപടി പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ചതായും കാണുന്നില്ല.
അപാകതകൾ വിശദീകരിക്കേണ്ടതാണ്. 191210 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-13 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.
I.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 200/18 |
| പ്രോജക്ട് | ജാഗ്രത സമിതി<br>(ജാഗ്രത സമിതിക്കുവേണ്ടി ഫർണിച്ചർ വാങ്ങൽ) |
| വകയിരുത്തിയ തുക | 1 ലക്ഷം രൂ |
| ചെലവഴിച്ച തുക | 14729 രൂ |
| ഫണ്ട് | തനത് ഫണ്ട് |
| ചെലവ് വിശദാംശങ്ങൾ | ടി.എസ്.ബി ചെക്ക് നമ്പർ<br>6558285/17.3.18 , 14729 രൂ |
| വാങ്ങിയ ഫർണിച്ചർ | സ്റ്റീൽ മേശ – 1<br>സ്റ്റീൽ അലമാര – 1<br>ഫൈബർ കസേര – 5 |
| വിതരണ ഏജൻസി | ഫിഡ്കോ , ഒളവണ്ണ |
| ഇൻവോയ്സ് നമ്പർ നമ്പർ , തിയ്യതി, തുക | 338 / 1.3.18 , 14729 രൂ |

മേൽ പരാമർശിച്ച പ്രകാരം ഫർണിച്ചർ വാങ്ങിയിട്ടുണ്ടെങ്കിലും വാങ്ങിയ ഫർണിച്ചർ ജാഗ്രത സമിതിക്ക് കൈമാറാതെ പഞ്ചായത്ത് ഓഫീസിന്റെ പൊതുവായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായാണ് കാണുന്നത്.

II.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 217/18 |
| പ്രോജക്ട് | ബാലസൌഹൃദ പഞ്ചായത്ത് |
| വകയിരുത്തിയ തുക | 450000 രൂ |
| ചെലവഴിച്ച തുക | 24650 രൂ |
| ഫണ്ട് | വികസന ഫണ്ട് (പൊതു) |
| സ്റ്റാ.ക ശുപാർശ | 5/17(5), 18.5.17 , ക്ഷേമകാര്യ സ്റ്റാ.ക |
| ഭരണസമിതി അംഗീകാരം | 109/17/23.5.17 നമ്പർ തീരുമാനം |
| അംഗീകാരം നല്കിയത് | ശ്രീമതി സ്മിത ടി.യു ,CDPO , 25.10.17 തിയ്യതിയിലെ ICDS/BLY/UKM/10/17 നമ്പർ തീരുമാനം പ്രകാരം. |
| ട്രഷറി ബിൽ നമ്പർ ,തിയ്യതി , തുക | 15/2017-18, 28.3.18 , 24650 രൂ |

ബാല സൌഹൃദ പഞ്ചായത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് " ഇഫക്ടീവ് പാരന്റിങ് " എന്ന വിഷയത്തിൽ ക്ലാസ് നല്കുകയാണ് പദ്ധതിയിൽ നടപ്പാക്കിയത്. 3 പരിശീലകർക്ക്ക്ലാസ് എടുത്ത വകയിൽ 24650 രൂ കൈമാറിയിട്ടുണ്ട്.
പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.
1. ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പ് , പ്രോജക്ട് മോണിറ്ററിങ് നടത്തിയതിന്റെ റിപ്പോർട്ട് പരിശോധനക്ക് ലഭിച്ചിട്ടില്ല.
2. 3.4.2017 തിയ്യതിയിലെ സ.ഉ(എം.എസ്)80/2017/തസ്വഭവ ഖണ്ഡിക നമ്പർ 12.7 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവല്ക്കരണ ക്യാമ്പയിനുകൾ ഉൾപ്പടെയുള്ളവ നടപ്പാക്കാൻ പാടില്ലാത്തതാണ്.
അപാകതകൾക്ക് മറുപടി നൽകേണ്ടതും ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ ആരംഭിച്ച് ഫർണിച്ചറുകൾ ഉപയോഗപ്പെടുത്തുന്ന വിവരം അറിയിക്കേണ്ടതുമാണ്.

## 3-14 കുടിവെള്ള വിതരണം - അപാകതകൾ

പ്രോജക്ട് - വരൾച്ചാ ദുരിതാശ്വാസം - കുടിവെള്ള വിതരണം 69/18

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 10,00,000 തനത് ഫണ്ട്

ചെലവ് 9,55,300 ചെക്ക് 3167376/31.8.17

വേനൽക്കാലത്ത് കുടിവെള്ളമില്ലാതെ ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. കുടിവെള്ള വിതരണത്തിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ലിറ്ററിന് 1.30 രൂപ ക്വാട്ട് ചെയ്ത ശ്രീ അനുരാഗ് എന്നയാളുമായി നെഗോസിയേഷൻ നടത്തി 0.82 രൂപയ്ക്ക് കരാർ ഉറപ്പിക്കുകയും 16.3.17 ലെ 57/17(9) നം. തീരുമാനപ്രകാരം ഭരണ സമിതി അംഗീകരിക്കുകയും ചെയ്തു. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ 1165000 ലിറ്റർ വെള്ളം വിതരണം ചെയ്തതിന് കരാറുകാരന് 2% ആദായ നികുതി കുറവ് ചെയ്ത് 9,36,194/- രൂപ നൽകി. എന്നാൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായ കുടിവെള്ളം വിതരണത്തിനായി ഇറക്കിയ സർക്കാർ ഉത്തരവിലെ (സ.ഉ(സാധാ) 787/17/DMD തിയ്യതി 23.2.2017) പല വ്യവസ്ഥകളും പാലിക്കപ്പെട്ടില്ല.

1. ഉത്തരവു പ്രകാരം കിലോമീറ്റർ അടിസ്ഥാനത്തിലാണ് നിരക്ക് നിശ്ചയിക്കേണ്ടത്. എന്നാൽ പ്രോജക്ടിൽ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ അളവ്/ ലിറ്റർ അടിസ്ഥാനത്തിലാണ് നിരക്ക് നിശ്ചയിച്ചത്.

2. പഞ്ചായത്ത്/വാട്ടർ അതോറിറ്റി സ്രോതസ്സുകളിലെ വെള്ളത്തിന് പണം നൽകേണ്ടതില്ല. സ്വകാര്യ ജല സ്രോതസ്സാണെങ്കിൽ ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 34(ജെ) പ്രകാരം അവയെ വരൾച്ചാ പ്രതിരോധത്തിനായി ഏറ്റെടുത്തു കൊണ്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അദ്ധ്യക്ഷൻ നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണ്. എന്നാൽ മേൽ പ്രോജക്ടിൽ വെള്ളത്തിന് വില നൽകുന്നതായാണ് കാണിച്ചിട്ടുള്ളത്.

3. ജല വിതരണം നടത്തിയ സ്ഥലത്തെ വാർഡ് മെമ്പർ/തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി വാഹനത്തിന്റെ ഓടിയ കിലോമീറ്റർ എഴുതിയ ട്രിപ്പ് ഷീറ്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ മേൽ പ്രോജക്ടിൽ ട്രിപ്പ് ഷീറ്റിനു പകരം 18,19,20,21,22 വാർഡ് മെമ്പർമാർ ഏതാനും തിയ്യതികളിൽ കുടിവെള്ള വിതരണം നടത്തി എന്ന സാക്ഷ്യപത്രം മാത്രമാണുള്ളത്.

4. ഉത്തരവു പ്രകാരം വിതരണം ചെയ്യുന്ന ജലത്തിന്റെ സാമ്പിൾ ശേഖരിച്ച് ലാബ് പരിശോധന നടത്തേണ്ടിയിരുന്നു. പ്രോജക്ട് ഫയലിൽ സാമ്പിൾ പരിശോധനാ ഫലം കാണിച്ചിട്ടുണ്ടെങ്കിലും വിതരണം ചെയ്യുന്ന ജലം ശേഖരിക്കുന്ന സ്രോതസ്സ് ഏതാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ലാബ് റിസൾട്ട് പ്രകാരം ശുദ്ധ ജലത്തിൽ കാണാൻ പാടില്ലാത്ത ടോട്ടൽ കോളിഫോം, സാമ്പിളിൽ 900mpn/100ml എന്ന അളവിലുണ്ട്. റിപ്പോർട്ടിൽ സാമ്പിൾ ജലത്തിൽ മറ്റ് അപാകതകളില്ലെങ്കിലും ടോട്ടൽ കോളിഫോമിനാൽ മലിനമാണ് എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 9,55,300 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-15 ടെണ്ടർ നടപടികൾ സ്വീകരിക്കാതെ നേരിട്ട് പ്രവൃത്തി ഏൽപ്പിച്ചു - മുഴുവൻ തുകയും മുൻകൂർ നൽകി - നിയമാനുസൃത നികുതികൾ ഈടാക്കിയില്ല

പ്രോജക്ട് - കുരുമല അങ്ങാടിയിൽ ലോമാസ്റ്റ് ലൈറ്റ്

നിർവ്വഹണം -സെക്രട്ടറി

അടങ്കൽ- 190000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്

10000 തനത് ഫണ്ട്

ചെലവ്- 190000 ബിൽ നം 19/1-18 27.3.18

10000 ചെക്ക് നം. 170693/29.3.18

കരുമല അങ്ങാടിയിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. ആയതിനായി ടെണ്ടർ ക്ഷണിക്കാതെ സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡിന് (SILK)നേരിട്ട് പ്രവൃത്തി നൽകി. തെരുവു വിളക്കുകൾ, ലോമാസ്റ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് സിൽക്കിന് ടെണ്ടർ നടപടികളിൽ ഇളവു നല്കപ്പെട്ടതായ സർക്കാർ ഉത്തരവ് ഫയലിനോടൊപ്പം ലഭ്യമാക്കിയില്ല. ടെണ്ടർ നടപടികൾ സ്വീകരിക്കാത്തതിനാൽ കൂടുതൽ ഗുണനിലവാരമുള്ള ഉല്പന്നം കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുമോ എന്ന വിവരം നിർവ്വഹണ ഉദ്യോഗസ്ഥനം പ്രോക്യൂർമെന്റ് കമ്മറ്റിയും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയും ഉറപ്പു വരുത്തിയിട്ടില്ല. പ്രവൃത്തിക്കായി സിൽക്ക് നൽകിയ എസ്റ്റിമേറ്റ് താഴെ പറയും പ്രകാരമായിരുന്നു.

| | |
|---|---|
| Supply of 8m pole and fitting | 35000 |
| Control panel board and accessories | 22000 |
| LED light 100w x 4@25000 | 100000 |
| Foundation including earth work | 14000 |
| Erection testing and commissioning | 15000 |
| Electricity connection and name board | 14000 |
| | 200000 |

എസ്റ്റിമേറ്റിൽ കാണിച്ച പറഞ്ഞ മുഴുവൻ തുകയും പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പു തന്നെ സ്ഥാപനത്തിൽ ഡെപ്പോസിറ്റ് ചെയ്തു. മേൽപ്പറഞ്ഞ രീതിയിലുള്ള പ്രവൃത്തികൾക്ക് ഡെപ്പോസിറ്റ് ചെയ്യാവുന്ന സ്ഥാപനമായി സിൽക്കിനെ അംഗീകരിച്ചതിന്റെ വിവരം പ്രവൃത്തി പൂർത്തിയാക്കിയ വിവരം എന്നിവ ഫയലിൽ ലഭ്യമല്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് മറുപടി നല്കേണ്ടതാണ്.

## 3-16 ജനകീയ പങ്കാളിത്തത്തോടെ തെരുവു വിളക്കുകൾ സ്ഥാപിക്കൽ - അപാകതകൾ

പോജക്ട് - ജനകീയ പങ്കാളിത്തത്തോടെ തെരുവു വിളക്കുകൾ സ്ഥാപിക്കൽ 3/18

നിർവ്വഹണം – സെക്രട്ടറി

അടങ്കൽ - 200000 തനത് ഫണ്ട്

ചെലവ് – 198690 വൗച്ചർ 21700311/13.7.17(ചെക്ക് 3167368/14.7.17)

പ്രോജക്ടിന്റെ പേര് 'ജനകീയ പങ്കാളിത്തത്തോടെ തെരുവു വിളക്കുകൾ സ്ഥാപിക്കൽ' എന്നതാണെങ്കിലും

പ്രോജക്ടിലെവിടെയും 'ജനങ്ങളുടെ പങ്ക്' വിവരിച്ചിട്ടില്ല. ഫയലിനോടൊപ്പമുള്ള കാര്യാലയ കുറിപ്പിൽ താൽപ്പര്യമുള്ള വ്യക്തികളുടെ വീട്ടിൽ നിന്നും വൈദ്യുതി ലഭ്യമാക്കി എൽഇഡി സ്ട്രീറ്റ് ലൈറ്റ് കോൺക്രീറ്റ് ചെയ്ത് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടത് എന്ന് വിവരിച്ചിട്ടുണ്ട്. ആയതു പ്രകാരം 37 ലൈറ്റുകൾ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ളതായി അതത് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മേൽ പ്രോജക്ട് നടത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അപാകതകളുണ്ടായി.

1. ഇലക്ട്രിസിറ്റി നിയമങ്ങളും ചട്ടങ്ങളും പ്രകാരം വീടുകളിൽ നിന്നും വൈദ്യുതി ലഭ്യമാക്കി തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് കെഎസ്ഇബിയിൽ നിന്നും അനുമതി ലഭ്യമാക്കിയിട്ടില്ല
2. സ്ഥാപിച്ചതായി പറയുന്ന വീടുകളുടെ ഉടമസ്ഥരിൽ നിന്നും വൈദ്യുതി ലഭ്യമാക്കുന്നതിനും വിളക്കുകൾ പഞ്ചായത്തിന്റെ ആസ്തിയാണെന്നതും ആയതിന്റെ അറ്റകുറ്റപ്പണികൾ ആരു നടത്തുമെന്നതും മറ്റുമുള്ള കാര്യങ്ങളിൽ വ്യക്തത വരുത്താനായി കരാറിൽ ഏർപ്പെട്ടിട്ടില്ല.
3. ടെണ്ടറിൽ തെരഞ്ഞെടുക്കപ്പെട്ട അലുമിന ഇലക്ട്രോണിക്സ് 26.2.17 ന് മുമ്പ് മേൽ വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി സ്ഥല പരിശോധന നടത്തിയതിൽ വിളക്കുകൾ കത്താത്തതായും ആയവയുടെ അറ്റകുറ്റപ്പണികൾ നടത്താത്തതായും ശ്രദ്ധയിൽപ്പെട്ടു. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ട് നടത്തിപ്പിൽ യഥാവിധി മോണിട്ടറിംഗ് നടത്തുന്നില്ല.

   മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 198690 രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് പ്രോജക്ട് കാര്യക്ഷമമായി നടക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്താൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 3-17 തെരുവു വിളക്കുകളുടെ സ്ഥാപനം - അപാകതകൾ

പ്രോജക്ട് - തെരുവു വിളക്ക് സ്ഥാപിക്കൽ 1/18

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 800000 വികസന ഫണ്ട്

200000 തനത് ഫണ്ട്

ചെലവ് 798640 ബിൽ 1/17-18 13.7.17

198400 ചെക്ക് 3167368/14.7.17

തെരുവു വിളക്കുകൾ നിലവിലില്ലാത്ത പ്രദേശങ്ങളിൽ ആയവ സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. ആയതിനായി ടെണ്ടർ ക്ഷണിച്ച് കുറവ് നിരക്ക് ക്വാട്ട് ചെയ്ത അലുമിന ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും 20 വാട്ട് എൽ ഇ ഡി ലൈറ്റുകൾ 298 എണ്ണവും 18 വാട്ട് എൽ ഇ ഡി ലൈറ്റുകൾ 80 എണ്ണവും (ആകെ 378)വാങ്ങി. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. ലൈറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ കെ എസ് ഇ ബിയിൽ നിന്നും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി നടത്തുന്നതിന് കെ എസ് ഇ ബി യിൽ നിന്നും രേഖാമൂലം അനുമതി ലഭ്യമാക്കിയിട്ടില്ല.
2. 181 ലൈറ്റുകൾ വിവിധ വാർഡുകളിൽ സ്ഥാപിച്ചതായി വാർഡ് മെമ്പർമാരും 120 എണ്ണ് പ്രധാന പാതയോരങ്ങളിൽ സ്ഥാപിച്ചതായി പഞ്ചായത്ത് പ്രസിഡന്റും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 20 വാട്ട് ,18 വാട്ട് ലൈറ്റുകൾ എത്ര വീതം സ്ഥാപിച്ചു എന്നതിന് രേഖയില്ല. ബാക്കി വന്ന 77 ലൈറ്റുകൾ ഏതിനത്തിൽപ്പെട്ടതാണെന്നും രേഖപ്പെടുത്തിയിട്ടില്ല. ആയത് സ്റ്റോക്കിൽ നീക്കിയിരിപ്പായും കാണുന്നില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. 997040 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് മറുപടി നല്കേണ്ടതാണ്.

## 3-18 ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിക്കാനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം വർദ്ധിപ്പിച്ച ശമ്പളത്തിന് ആനുപാതികമായി ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 1, 2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോണ്ടട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ്

## 3-19 മുൻകൂറുകൾ വർഷങ്ങളായി ക്രമീകരിക്കുന്നില്ല

പഞ്ചായത്തിലെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള മുൻകൂറുകൾ വർഷങ്ങളായി ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

| ഇനം | തുക | കൈപ്പറ്റിയ ആൾ | വൗച്ചർ നം |
|---|---|---|---|
| മൊബിലൈസേഷൻ അഡ്വാൻസ് | 41810 | നൂറുൽ അമീൻ കൺവീനർ, തടത്തിൽ ആനപ്പാറ റോഡ് | 61/10-12 15.10.12 |
| | 47300 | ജിതേഷ് കൺവീനർ, ആർപ്പറ്റ കുടിവെള്ള പദ്ധതി | 73/11-12 28.11.12 |
| ഓണം മുൻകൂർ | 3000 | ഫവാസ് ഷമീം , അസി. സെക്രട്ടറി | 21600409/8.9.16 |
| താൽക്കാലിക മുൻകൂർ ഓഫീസ് | 989 | വിശദ വിവരമില്ല | വിശദ വിവരമില്ല |

മേൽ മുൻകൂറുകൾ യഥാസമയം നിയമാനുസൃത പിഴ സഹിതം തിരിച്ച പിടിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 106250 | നെൽക്കൃഷിക്ക് കൂലിച്ചെലവ് | 106250 | 0 |
| | | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 400000 | |
| | | 100000 | പാലിന് ഇൻസന്റീവ് ജനറൽ | 100000 | |
| ബ്ലോക്ക് പഞ്ചായത്ത് | | 106250 | നെൽക്കൃഷിക്ക് കൂലിച്ചെലവ് | 106250 | |
| | | 35000 | പച്ചക്കറിക്കൃഷിക്ക് കൂലിച്ചെലവ് | 35000 | |
| | | 900000 | ക്ഷീരഗ്രാമം | 240000 | 660000 |
| | | 263100 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 261300 | |
| | | 500000 | ക്ലീൻ ഉണ്ണികുളംഗ്രീൻ ഉണ്ണികുളം | 385000 | 115000 |
| | | 200000 | പാലിന് ഇൻസന്റീവ് ജനറൽ | 200000 | |
| | | 400000 | പാലിന് ഇൻസന്റീവ് വനിത | 400000 | |
| | | 200000 | പട്ടികജാതി | 200000 | |

| | | | | | |
|---|---|---|---|---|---|
| | | | വയോജനങ്ങൾക്ക് ഉപകരണം | | |
| | | 400000 | വനിതകൾക്ക് ആരോഗ്യ സുരക്ഷ | 0 | 400000 |

2016-17 വാർഷിക കണക്കിലെ ബി 4 പത്രിക പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം 20 ലക്ഷം രൂപയും ബ്ലോക്ക് വിഹിതം 1011104 രൂപയും ചെലവഴിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. തൻവർഷം ജില്ലാ പഞ്ചായത്ത് വിഹിതം 606250 രൂപയും ബ്ലോക്ക് വിഹിതം 3004350 രൂപയും വരവും ജില്ലാ പഞ്ചായത്ത് വിഹിതം 606250 രൂപയും ബ്ലോക്ക് വിഹിതം 1829350 രൂപയും ചെലവുമാണ്. ആയത് പ്രകാരം നീക്കിയിരിപ്പായുണ്ടാവേണ്ട ജില്ലാ പഞ്ചായത്ത് വിഹിതം 20 ലക്ഷം രൂപയും ബ്ലോക്ക് വിഹിതം 2186104 രൂപയും ആണ്. എന്നാൽ 2017-18 വാർഷിക കണക്കിലെ ബി 4 പത്രിക പ്രകാരം ബ്ലോക്ക് വിഹിതം 2186104 രൂപയുടെ നീക്കിയിരിപ്പിനു പകരം 2336104 രൂപയാണ് കാണിച്ചത്. സംയുക്ത പദ്ധതിക്കു വേണ്ടിയുള്ള ട്രഷറി അക്കൗണ്ടിൽ 385000 രൂപ മൈനസായാണ് കാണിച്ചിട്ടുള്ളത്.

സംയുക്ത പ്രോജക്ടുകൾക്കു വേണ്ടി ലഭ്യമായ തുക സാമ്പത്തിക വർഷാവസാനം ചെലവു വരാത്തതിനാൽ തിരിച്ചടയ്ക്കാത്തത് വിശദീകരിച്ചിട്ടില്ല.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നാം ക്ലാസ് ഒന്നാന്തരമാക്കൽ എന്ന പ്രോജക്ടിനായി 10 ലക്ഷം രൂപയും കരുമല അങ്ങാടിയിൽ ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 200000 രൂപയും സിൽക്കിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ആയത് ഡെപ്പോസിറ്റ് /അഡ്വാൻസ് എന്ന രീതിയിലല്ല പഞ്ചായത്ത് കണക്കാക്കിയത്. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ഹാജരാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.( പഞ്ചായത്തിലെ ലോൺ രജിസ്റ്റർ പ്രകാരം)

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | 533/10 /ത.സ്വ.ഭ.വ /18.2.2010 | 23500000 | 8341441 | 2350000 | | 5991441 |

രജിസ്റ്ററിൽ ബാങ്കിന്റെ കണക്ക് പ്രകാരവും വാർഷിക കണക്ക് പ്രകാരവും 5991441 രൂപ മാത്രമാണ് തിരിച്ചടയ്ക്കാനുള്ളത് എന്ന് കാണിച്ചിരിക്കുന്നു. ലോൺ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ 446509 രൂപ

അധികം കാണിച്ചിട്ടുള്ളത് വിശദീകരിക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 66012 |
| തൻവർഷം നിക്ഷേപിച്ച തുക | 5776 |
| ആകെ | 71788 |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 71788 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് 10121806120029 | 8.6.17 | 12 മാസം | 71788 | |
| ആകെ | | | | 71788 | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുകയോ വാർഷിക കണക്കിൽ രേഖപ്പെടുത്തുകയോ ചെയ്തില്ല. എന്നാൽ വൗച്ചറുകൾ പരിശോധിച്ചതിൽ 30000 രൂപ 2016-17 ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിക്കവറി നടത്തിയിട്ടുള്ളതായി കണ്ടു. (വൗച്ചർ 21700866/17.1.18)

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1998-99 | | 2003-04 | 11.14 | ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല. |
| 2001-02 | ഖ 7 | 2003-04 | 11.13.1.9 | വനിതാ ബേക്കറി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചില്ല |
| 1999-00 | ഖ 30 | 2003-04 | 11.13.2.1 | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടില്ല. |

| | | | | |
|---|---|---|---|---|
| 1999-00 | ഖ 32 | 2003-04 | 11.13.5.5 | മൈത്രി ഭവനപദ്ധതി |
| 2001-02 | | | 11.4 | തെരുവു വിളക്ക് സ്ഥാപി ക്കൽ -117360 മറ്റ് പരാമർശങ്ങൾ |
| 2001-02 | | | 11.4 | വനിതാ ബേക്കറി യൂണിറ്റ്-20000 |
| 2001-02 | 3.1 | | 2.70 1.8.6 | കുടിവെള്ള പദ്ധതികൾ |
| 2001-02 | ഭാഗം 1 | 2005-06 | 2.70.1.11.16 | വൗച്ചറുകൾ രജിസ്റ്ററുകൾ കൃത്യമല്ല. |
| 2001-02 | ഭാഗം 1 | 2005-06 | 2.70.1.12.4 | ഗ്രാമസഭ |
| 01-02 , 2001-02, | 2-1 2-2 | 2005-06 | 2.70.1.13.9 | തനത് വരവ് കാലഹരണപ്പെട്ടു. |
| 2001-02 | | 2005-06 | 2.70.1.14.27. | നികുതി പിരിവ് അലംഭാവം |
| 2002-03 | 2.9 | 2006-07 | 3.79.1.5 | നികുതി കാലഹരണപ്പെട്ടു. |
| 2002-03 | 3.17 | 2006-07 | 3.79.12 | കാർഷികോപകരണ വിതരണം |
| 2002-03 | 3.13 | 2006-07 | 3.79.18.14 | കമ്മ്യൂണിറ്റി ഹാൾ പൂർത്തിയാക്കിയില്ല. |
| | | 2011-12 | 3.2.7<br>3.2.6<br>3.2.10<br>3.2.12<br>3.2.22<br>3.2.13 | ആസ്തി രജിസ്റ്റർ പരിപാലനം<br>വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം<br>റോഡ് ചെയിനേജ് രേഖപ്പെടുത്തൽ<br>മരാമത്ത് പണികളുടെ നടത്തിപ്പ്<br>അധികാര പരിധി ലംഘിച്ച് പ്രവൃത്തി നടത്തി |
| 2012-13 | 4-1 | 2014-15 | 4.1.5 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിട നിർമ്മാണം മാത്രം. |

## **4-8** ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ | ചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക | റവന്യൂ റിക്കവറി നടപടിയിലൂടെ | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | നമ്പരും തീയതിയും | തുക | (രസീത് നമ്പർ/ തീയതി) | ഈടാക്കിയ തുക (തീയതി) | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | | ഇല്ല | | | | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | ഇല്ല | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പുൾപ്പെടെ) | 111295188.86 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 103891680.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 459310 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3978552.44 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | നടപടികൾ സ്വീകരിക്കേണ്ട ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 3-2 | | 63150 | ശ്രീമതി.സൗമ്യ.എം.പി, അസി എഞ്ചിനീയർ | ശ്രീമതി.സൗമ്യ.എം.പി, അസി എഞ്ചിനീയർ |
| 3-6 | | 67500 | ശ്രീമതി.അനിത ആർ, അസി സെക്രട്ടറി | ശ്രീ സുരേഷ് കുമാർ എസ്, അസി.സെക്രട്ടറി |
| 3-7 | | 118660 | ശ്രീമതി.അനിത ആർ, അസി സെക്രട്ടറി | ശ്രീ സുരേഷ് കുമാർ എസ്, അസി.സെക്രട്ടറി |
| 3-9 | | 200000 | ഡോ.സുനിൽ ലാൽ കാഞ്ഞിരത്തിങ്കൽ മെഡിക്കൽ ഓഫീസർ പി.എച്ച്.സി ഡോ.അജിത്ത് (വെറ്റിംഗ് ഓഫീസർ) | ഡോ.സുനിൽ ലാൽ കാഞ്ഞിരത്തിങ്കൽ മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| | | 525890 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 11312.44 | ശ്രീമതി.സൗമ്യ.എം.പി, അസി എഞ്ചിനീയർ |
| 3-5 | 425000 | ശ്രീ.മുഹമദ് ഇഖ്ബാൽ.കെ, കൃഷി ഓഫീസർ |
| 3-12(1) | 1000000 | ശ്രീ മോഹനൻ എൻ, ഹെഡ് മാസ്റ്റർ |
| 3-12(2) | 191210 | ശ്രീ മോഹനൻ എൻ, ഹെഡ് മാസ്റ്റർ |
| 3-14 | 955300 | ശ്രീ.ബാലൻ.കെ.പി, സെക്രട്ടറി |
| 3-15 | 200000 | ശ്രീ.ബാലൻ.കെ.പി, സെക്രട്ടറി |
| 3-16 | 198690 | ശ്രീ.ബാലൻ.കെ.പി, സെക്രട്ടറി |
| 3-17 | 997040 | ശ്രീ.ബാലൻ.കെ.പി, സെക്രട്ടറി |
| | 3978552.44 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അനിത.ആർ<br>അസി. സെക്രട്ടറി | അസി ജില്ലാ ഓഫീസർ, ജില്ലാ ഓഫീസ്, സംസ്ഥാന നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം | നന്ദനം (H) TC 16/1562<br>ജഗതി, തൈക്കാട് പിഓ,<br>തിരുവനന്തപുരം 14 |
| ശ്രീമതി.സൗമ്യ.എം.പി,<br>സി.എഞ്ചിനീയർ | അസി.എഞ്ചിനീയർ ഉണ്ണികുളം | പാറമ്മൽ (H)<br>വെങ്ങാനല്ലൂർ, ചേലക്കര<br>പിഓ, തൃശ്ശൂർ |
| ഡോ.സുനിൽ ലാൽ<br>കാഞ്ഞിരത്തിങ്കൽ<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പിഎച്സി ഉണ്ണികുളം | ദേവത (H)<br>ഐഎംജിക്ക് സമീപം<br>മെഡിക്കൽ കോളേജ്<br>കാമ്പസ്<br>ചെലവൂർ |
| ഡോ.അജിത്ത്<br>(വെറ്റിംഗ് ഓഫീസർ) | ആരോഗ്യ പ്രോജക്ടുകൾ അംഗീകരിച്ച (വെറ്റിംഗ് ഓഫീസർ)ഔദ്യോഗിക മേൽ വിലാസവും സ്ഥിരം മേൽവിലാസവും അറിയിക്കേണ്ടതാണ്) | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | LF KKD /P10/945/2011<br>21.7.11 | 26,27,28,29,30,31,39 |
| 1999-00 | LF KKD /P10/945/2011<br>21.7.11 | 21,27,28,29,30,31,32,33,34 |

| | | |
|---|---|---|
| 2000-01 | LF KKD /P3/231/2010 22.5.10 | 2-1,2-2(1,2) 2-3,3-1, 3-3, 3-4, 3-5, 3-6, 3-7, 4-9, 4-14b |
| 2001-02 | കെഎസ്ഫ കെകെഡി/എസ്1 /2069/16(50) 10.1.17 | 3-2, 4-14b |
| 2002-03 | | |
| 2003-04 | LF KKD /P3/231/2010 22.5.10 | 1-1B,2-1,2-2,2-3, 2-4, 3-3, 3-4,3-5,3-6,3-7,3-8,3-9, 3-10, 3-11,3-12, 3-13, 3-17, 3-18 |
| 2004-05 | LF KKD /P3/231/2010 22.5.10 | 1B, 2-1, 2-2, 3-1, 4-1 A,B,C |
| 2005-06 | LF KKD /P3/231/2010 22.5.10 | 1C, 2-2,2-3,2-5,2-6, 3-1, 3-2, 3-3,3-4,3-5 |
| 2006-07 | LF KKD /P10/653/10 18.1.11 | 1-1, 1-3, 2-1, 2-3(2), 2-6,2-7,2-8, 2-9, 2-10, 2-12, 2-13, 2-14,3-1, 3-2, 3-3, 3-5, 3-6, 3-7, 3-9,3-10, 3-11, 3-12, 3-13, 3-14, 3-16, 3-18, 3-19, 3-20, 3-22, 3-23, 3-24, 3-25, 4-3, 4-5 |
| 2007-08 | LF KKD /P10/1494/11(1) 5.5.12 | 2-3, 2-5, 3-3, 3-4, 3-7, 3-8, 3-9, 3-10(1,2,4), 3-11,3-13, 3-15, 3-16, 3-17,3-18, 3-20, 3-31, 3-32, 3-34 |
| 2008-09 | LF KKD /P10/1494/11(2) 8.5.12 | 1-3, 2-1(13), 2-2(6), 2-3, 2-4, 2-6B, 2-8, 2-11, 3-2, 3-3, 3-4, 3-5, 3-9, 3-10, 3-14, 3-15, 3-16, 3-17, 3-18, 4-6 |
| 2009-10 | LF KKD /P10/115/2014 5.3.14 | 2-1(4), 3-1, 3-3, 3-5, 3-8, 3-9, 3-11, 3-15, 3-16, 3-18 |
| 2010-11 | LF KKD /P10/115/2014 5.3.14 | 1-3, 3-2, 3-3(2), 3-4A, 3-10, 3-12 |
| 2011-12 | LF KKD /P10/76/2014 5.3.14 | 2-1,2-3, 2-4, 3-1, 3-3, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-15, 3-16, 3-17 A, B |
| 2012-13, 13-14 | കെഎസ്ഫ കെകെഡി/പി10 /333/15 21.12.17 | 2-1, 3-1, 3-3(1),3-4, 3-5A, B, 3-6, 3-9, 3-10, 3-12, 3-13, 3-14, 3-15, |

| | | |
|---|---|---|
| | | 3-18(2), 3-22, 3-23, 3-24, 4-1 |
| 2014-15 | LF KKD /P10/1607/2016 28.6.17 | 2-1,3-2, 3-6, 3-7, 3-8, 3-9 |
| 2015-16 | കെഎസ്എ കെകെഡി/പി10 /1095/17 4.1.2018 | 2-1, 2-2, 3-1, 3-2, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-13, 3-14, 3-15, 3-16, 3-17, 3-18 |
| 2016-17 | കെഎസ്എ കെകെഡി/പി10 /909/18 22.6.18 | 2-1(1,2,3,4,7), 2-2, 2-2എ, 2-2സി, 2-3,2-4,2-5, 3-1(A,B,C), 3-2,3-3, 3-6,3-7,3-9,3-10,3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-21(1,4,5,6) 3-23, 3-24, 3-26, 3-28,3-29, 3-30, 3-31 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഉണ്ണികുളം ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്